# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.10/2196/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 02/11/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.10/2196/2023 തീയ്യതി: 02/11/2023

## മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-09-2022 മുതൽ 10-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-09-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ചിത്രലേഖ കെ (കെ.എ.എസ്) | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 19-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 11-09-2023 | 19-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ.പി.,ഓഡിറ്റ് ഓഫീസർ

ശ്രീ.മുഹമ്മദ് സിയാദ് പി.പി,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.അനീത് ബാബു കെ.ടി സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ഇദ്രീസ് അബ്ദുള്ള. എ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. കെ.പി.വഹീദ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.മിനി. കെ.കെ | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ. അരുൺ നാരായണൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2021 | 02-10-2022 |
| ശ്രീമതി. വനജ പി.കെ | സെക്രട്ടറി | 03-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബാസില സി.പി | കൃഷി ഓഫീസർ | 01-04-2022 | 31-08-2022 |
| ശ്രീമതി. സുമയ്യ ടി.വി | കൃഷി ഓഫീസർ | 01-09-2022 | 31-03-2023 |
| ഡോ.ആസിഫ് ജാൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി ) | 01-04-2022 | 31-03-2023 |
| ഡോ.എൻ. ഷിഹാബുദ്ധീൻ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 03-09-2022 |
| ഡോ. സിറാജുദ്ധീൻ കെ | മെഡിക്കൽ ഓഫീസർ ആയുർവേദം | 04-09-2022 | 31-03-2023 |
| ഡോ.നർഗീസ്.പി | മെഡിക്കൽ ഓഫീസർ( ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ. വിമൽ സി വർഗ്ഗീസ് | വെറ്ററനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.റാഷിദ്.സി.പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 28-05-2022 |
| ശ്രീമതി. ആബിദ പി | അസിസ്റ്റന്റ് എഞ്ചിനീയർ | 29-05-2022 | 01-08-2022 |
| ശ്രീ. സജിൻ കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 02-08-2022 | 31-03-2023 |
| ശ്രീ.ദേവരാജൻ പി | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീ. അമീർഷാ മുഹമ്മദ് ടി.പി | ഹെഡ് മാസ്റ്റർ | 01-04-2022 | 30-01-2023 |
| ശ്രീ. അബ്ദുന്നാസർ കാപ്പാട്ട് | ഹെഡ് മാസ്റ്റർ | 31-01-2023 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. അരുൺ നാരായണൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 30-10-2022 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 31-10-2022 | 01-11-2022 |
| ശ്രീ. ബീരാൻക്കുട്ടി എ | അസിസ്റ്റന്റ് സെക്രട്ടറി | 02-11-2022 | 31-03-2023 |
| ശ്രീമതി. നാദിറ എൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 04-01-2023 |
| ശ്രീമതി. ഗിരിജ പിള്ളക്കാട് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 05-01-2023 | 15-01-2023 |
| ശ്രീമതി. സന്ധ്യ കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സ**ർ**ട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകക**ൾ** തമ്മി**ൽ** പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ഡിപ്രിസിയേഷൻ- അനുബന്ധ വിവരങ്ങളില്ല | 1-1-3 |
| 5 | തൊഴിലുറപ്പ് പദ്ധതി ഭരണ ചെലവുകൾ, രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ആസ്തികളുടെ തൻവർഷത്തെ ഡിപ്രിസിയേഷൻ- അനുബന്ധ വിവരങ്ങളില്ല. | 1-1-5 |
| 7 | അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-6 |
| 8 | തൊഴിലുറപ്പ് പദ്ധതിക്കായുള്ള ഗ്രാന്റ് ബാധ്യത-അക്കൗണ്ട് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 11 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 12 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതക**ൾ** | 1-4-1 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമപദ്ധതികൾ | 1-7 |
| 16 | ക്യാഷ് പരിശോധന | 1-8 |
| 17 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 18 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 19 | തനതു വരുമാനം-അവലോകനം. | 1-11 |
| 20 | അങ്കണവാടികൾക്ക് ബേബി ചെയർ, വാട്ടർ ടാങ്ക്, പ്രഷർ കുക്കർ വാങ്ങൽ സർക്കാർ നിർദേശം പാലിച്ചില്ല. | 1-12 |
| 21 | ഭിന്നശേഷിക്കാർക്ക് ഉപകരണം നൽകൽ -ഗുണഭോക്താക്കളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. | 1-13 |
| 22 | വയോജനങ്ങൽക്ക് കട്ടിൽ -ടെണ്ടർ നടപടികളില്ലാതെ ARTCO മുഖേന നടപ്പാക്കി. | 1-14 |
| 23 | വിവിധ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.യിൽ തുക നിക്ഷേപിച്ചതിന്റെ വിനിയോഗ/പൂർത്തീകരണ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ചെലവ് തുക 976848/-രൂപ തടസ്സം ചെയ്യുന്നു. | 1-15 |

| | | |
|---|---|---|
| 24 | ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല | 1-16 |
| 25 | എസ്.എസ്.കെ വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ചെലവ് തുക 12,00,000/- രൂപ തടസ്സം ചെയ്യുന്നു. | 1-17 |
| 26 | വ്യക്തിഗത ബയോബിൻ വിതരണം- ഗുണഭോക്തൃ വിഹിതം ചെലവഴിച്ചില്ല. | 1-18 |
| 27 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ:അവലോകനം | 1-19 |
| 28 | സർക്കാർ പ്രൈമറി സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ: പദ്ധതി അപാകത | 1-20 |
| 29 | വർക്കിംഗ് ഗ്രൂപ്പ്:അവലോകനം | 1-21 |
| 30 | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ- അപാകത | 1-22 |
| 31 | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നു വാങ്ങൽ -മുഴുവൻ മരുന്നുകൾ ലഭ്യമായില്ല | 1-23 |
| 32 | തെരുവ് വിളക്ക് പരിപാലനം - അപാകതകൾ | 1-24 |
| 33 | മരാമത്ത് പ്രവൃത്തിയിൽ കരാറുകാരന് അധികം അനുവദിച്ച തുക ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി തിരിച്ചടവാക്കി - അടവാക്കിയത് 29,939 രൂപ | 1-25 |
| 34 | പഞ്ചായത്ത് ഓഫീസിന്റെ ചുറ്റുമതിൽ ബലപ്പെടുത്തൽ - തെറ്റായ നിരക്ക് അനുവദിച്ച് കരാറുകാരന് അധിക തുക നൽകി - നഷ്ടം 4282 രൂപ | 1-26 |
| 35 | അസി.എഞ്ചിനീയർ - കാഷ്ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല- സാമ്പത്തിക വർഷാന്ത്യത്തിൽ ബാങ്കിലെ നീക്കിയിരിപ്പ് 167981 രൂപ | 1-27 |
| 36 | അസി.എഞ്ചിനീയറുടെ ഓഫീസിലെ വാഹന വാടക – ആദായ നികുതി ഈടാക്കിയില്ല. | 1-28 |
| 37 | ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ- അവലോകനം | 1-29 |
| 38 | ലൈഫ് മിഷൻ ഭവന നിർമ്മാണം- ഭൂമി വാങ്ങൽ-ആധാര വിലയേക്കാൾ 25000/- രൂപ അധികം അനുവദിച്ചു. | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ലൈഫ് മിഷൻ ഭവന നിർമ്മാണം- ഭൂമി വാങ്ങൽ-ആധാര വിലയേക്കാൾ 25000/- രൂപ അധികം അനുവദിച്ചു. | 3-1 |
| 2 | പഞ്ചായത്ത് ഓഫീസിന്റെ ചുറ്റുമതിൽ ബലപ്പെടുത്തൽ - തെറ്റായ നിരക്ക് അനുവദിച്ച് കരാറുകാരന് അധിക തുക നൽകി - നഷ്ടം 4282 രൂപ | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ | 4-1 |

| | | |
|---|---|---|
| | വിവരം | |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I). കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29-07-2023 ലെ 3(1) കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 29.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കൽപകഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii). C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii). എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൽപകഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തീയതി: 02/11/2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ ' Net Increase In Cash And Cash Equivalance ‘ ആയി രേഖപ്പെടുത്തിയ തുകയും(1805920) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity ‘ (1566982) ആയി രേഖപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ഡിപ്രിസിയേഷൻ- അനുബന്ധ വിവരങ്ങളില്ല

ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി))

### 1-1-4 തൊഴിലുറപ്പ് പദ്ധതി ഭരണ ചെലവുകൾ, രജിസ്റ്റർ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

തൊഴിലുറപ്പ് പദ്ധതി ഭരണ ചെലവുകൾ താഴെ പറയും പ്രകാരം വ്യത്യാസമുണ്ട്.

| വാർഷിക കണക്ക് പ്രകരം | രജിസ്റ്റർ പ്രകാരം | വ്യത്യാസം |
|---|---|---|
| 1217394 | 912487 | 304907 |

### 1-1-5 ആസ്തികളുടെ തൻവർഷത്തെ ഡിപ്രിസിയേഷൻ- അനുബന്ധ വിവരങ്ങളില്ല.

ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെൻഡീച്ചർ അക്കൗണ്ടിൽ (I-17(a)) തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് കണക്കാക്കിയതിന്റെ കാൽക്കുലേഷൻ ഷീറ്റ് ഹാജരാക്കിയിട്ടില്ല.

### 1-1-6 അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

വാർഷികകണക്കിലെ B-18 ഷെഡ്യൂൾ പ്രകാരം Advance ഇനത്തിൽ 7093360/-രൂപ ബാലൻസ് ഉണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

### 1-1-7 തൊഴിലുറപ്പ് പദ്ധതിക്കായുള്ള ഗ്രാന്റ് ബാധ്യത-അക്കൗണ്ട് ബാലൻസുമായി പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിലെ B-4 ഷെഡ്യൂൾ പ്രകാരം തൊഴിലുറപ്പ് പദ്ധതിക്കായുള്ള ബാധ്യത ബാലൻസ് (11055662.14/-രൂപ) അവയുടെ ബാങ്ക് ബാലൻസ് കാണിച്ചിട്ടുള്ള B-17 ഷെഡ്യൂളുമായി (3512/-രൂപ) പൊരുത്തപ്പെടുന്നില്ല.

## 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2022-23ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| തീരുമാനം നം.1(1)/26.03.2022 | തീരുമാനം നം.3(1)/15.02.2023 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഇനം | തുക (₹) |
|---|---|
| മുന്നിരിപ്പ് | 18807807.14 |
| വരവ് | 168791986 |
| ആകെ | 187599793.14.14 |
| ചെലവ് | 153122094 |
| നീക്കിയിരിപ്പ് | 34477699.14 |

## 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 18561486 | 18561486 | 18048797 | 512689 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 468352 | 468352 | 416000 | 52352 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 14712000 | 14712000 | 10256284 | 4455716 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 5786000 | 5786000 | 5741558 | 44442 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 11146000 | 11146000 | 4172307 | 6973693 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 3605791 | 3605791 | 2528100 | 107769 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് അപാകതകൾ

2022-23 വർഷത്തിൽ വിവിധ ഫണ്ട് ഇനങ്ങളിലെ ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ, വാർഷിക കണക്ക് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ .

| ക്രമ നമ്പർ | ഫണ്ടിനം | ചെലവ് തുക (₹) | | |
|---|---|---|---|---|
| | | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് | എ.സി.ആർ | വാർഷിക കണക്ക് |
| 1 | വികസന ഫണ്ട് - ജനറൽ | 19513254 | 18048797 | 17209345 |
| 2 | വികസന ഫണ്ട് - എസ്.സി.പി | 341000 | 416000 | 341000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 197 | 94176702 | 149 | 53404858 | 0 | 48 | 75% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2592 | 913407 | 915999 | 912487 | 3512 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 11052150 | 11052150 | 11052150 | 0 |
| ആകെ | 2592 | 11965557 | 11968149 | 11964637 | 3512 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 22400 | 12 |
| വിധവാപെൻഷൻ | 10731600 | 1011 |
| വാർദ്ധക്യകാലപെൻഷൻ | 22814400 | 2226 |
| വികലാംഗപെൻഷൻ | 4439400 | 416 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 19200 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.09.2023 ന് 10.45AM മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ 2156 രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1.സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

2.ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3.സ്വന്തമായി എഞ്ചിനീയറിംഗ് വിംഗ് ഉണ്ടായിട്ടും അക്രഡിറ്റഡ് ഏജൻസികൾ വഴി മരാമത്ത് പ്രവൃത്തികൾ നടത്തുന്നത് മൂലം സെന്റേജ് ചാർജ്ജ് ഇനത്തിൽ അനാവശ്യ ചെലവുകൾ ഉണ്ടാവുന്നുണ്ട്.

4. വനിതാ വ്യവസായ എസ്റ്റേറ്റിലെ റൂമുകൾ മുഴുവൻ ലേലം കൊണ്ടിട്ടില്ലാത്തതിനാൽ വാടകയിനത്തിൽ കാര്യമായ വരുമാനം ലഭിക്കുന്നില്ല.

5. രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. മൂൻകൂർ രജിസ്റ്റർ,ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല.

6.സബ്സിഡി മാർഗ്ഗരേഖക്ക് വിരുദ്ധമായി സബ്സിഡി തുക അധികമായി അനുവദിച്ചിട്ടുണ്ട്. (ഖണ്ഡിക 3-1 കാണുക)

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.08.2022 മുതൽ 17.08.2022 വരെ | 04/2022 മുതൽ 07/2022 | 17.08.2022 |
| എ.ജി ഓഡിറ്റ് | 20.11.2012 മുതൽ 04.12.2012 വരെ | 2007-08 മുതൽ 2011-12 വരെ | 06.02.2013 |

## 1-11 തനതു വരുമാനം-അവലോകനം.

തനതു വരുമാനം-കൽപകഞ്ചേരി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ് , ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ഓഡിറ്റ് വർഷത്തെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനിറ്റ്സുകൾ പരിശോധിച്ചതിൽ 18മീറ്റിംഗുകളാണ് കൂടിയിട്ടുള്ളത്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ വിഭവസ്രോതസുകളെക്കുറിച്ചുള്ള ആലോചനകളൊന്നും കമ്മിറ്റിയിൽ നടന്നിട്ടില്ല.

ആറാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത്

ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല. അതതു മാസങ്ങളിലെ ചെലവുകളുടെ അംഗീകാരം, പൊളിച്ച് കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കാനുള്ള അപേക്ഷകളുടെ അംഗീകാരം എന്നിവയാണ് പ്രധാനമായും അജണ്ടയായി ഉൾപ്പെട്ടിട്ടുള്ളത്.

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കൽപകഞ്ചേരി ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ച് വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം വർദ്ധനവ് വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 08.05.2023 ലെ പഞ്ചായത്ത് ഭരണസമിതി യോഗം 3/1 നമ്പർ തീരുമാന പ്രകാരം 26.05.2023 ന് പരസ്യപ്പെടുത്തിയിട്ടുണ്ട്.

3). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുള്ള നോട്ടീസ് 15.05.2023 ലെ 3551/2023 നമ്പർ പ്രകാരം പരസ്യപ്പെടുത്തിയിട്ടുണ്ട്.

4). മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പുറപ്പെടുവിച്ചിട്ടില്ല.

5). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 1377 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിന്മേൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുകയോ നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

നിർമ്മാണം പൂർത്തീകരിച്ച് ക്രമവത്കരണത്തിനായി ലഭിക്കുന്ന അപേക്ഷകൾ തീർപ്പാകാതെ അവശേഷിക്കുന്നുണ്ട്. ഇത്തരത്തിലുള്ള കെട്ടിടങ്ങൾ ക്രമവത്കരിച്ച് നൽകുകയോ അല്ലെങ്കിൽ യു.എ നമ്പർ നൽകുകയോ ചെയ്ത് വസ്തുനികുതി ചുമത്തേണ്ടതാണ്.

സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും ആക്റ്റിലെ 207 ാം വകുപ്പ് (1) ാം ഉപ വകുപ്പ് പ്രകാരം സേവന ഉപ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന് പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം,ജലവിതരണം തെരുവ് വിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന സേവവന ഉപ നികുതി ചുമത്താവുന്നതാണ്. എന്നാൽ അത്തരത്തിലുള്ള സേവന ഉപ നികുതി ഗ്രാമ പഞ്ചായത്തിൽ ചുമത്തിയതായി കാണുന്നില്ല. സേവനം നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവു വിളക്കുകൾ , ഡ്രയിനേജ്) ഈടാക്കുന്നതിന് ഭരണസമിതി

തീരുമാനമെടുത്ത് നടപ്പിലാക്കാവുന്നതാണ്.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2). സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ് ) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3). കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോട്ടും അല്ലെങ്കിൽ കൈവശക്കാരനോട്ടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനേയോ, കലയേയോ, ഉദ്യോഗത്തേയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

പഞ്ചായത്ത് പരിധിയിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളെയും വാർഡടിസ്ഥാനത്തിൽ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

മറ്റിനങ്ങൾ

വിനോദ നികുതി, ലേലം,ട്യൂട്ടോറിയൽ രജിസ്ട്രേഷൻ ഫീസ് ഇനങ്ങളിൽ പഞ്ചായത്തിന് വരവൊന്നും ഇല്ല. പഞ്ചായത്തിന്റെ ആസ്തി പരിശോധിച്ച് കുളങ്ങൾ, മാർക്കറ്റുകൾ, ഫലവൃക്ഷങ്ങൾ, കാലഹരണപ്പെട്ട ആസ്തികൾ എന്നിവയുടെ ലേലം യഥാസമയം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ടർഫ് കോർട്ടുകൾ/ഇൻഡോർ സ്റ്റേഡിയങ്ങൾ പോലെയുള്ളതിൽ നിന്നും വിനോദ നികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാവുന്ന വരുമാനം സംബന്ധിച്ച് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി സർക്കാർ ഉത്തരവിലൂടെ വരുമാനം നേടാവുന്നതാണ്. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ചട്ട പ്രകാരം ഉള്ള ഫീസ് ഈടാക്കി രജിസ്ട്രേഷൻ എടുത്തു/പുതുക്കി എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

വാടക

വനിതാ വ്യവസായ എസ്റ്റേറ്റിലെ മുറികൾ വാടകക്ക് നൽകുന്ന വകയിൽ ഗ്രാമപഞ്ചായത്തിന് വരവുണ്ട്. വ്യവസായ എസ്റ്റേറ്റിലെ 70 സെന്റ് സ്ഥലത്തായി 8 കെട്ടിടങ്ങളാണ് നിർമ്മിച്ചിട്ടുള്ളത്. വാടക ഡി.സി.ബി രജിസ്റ്റർ പ്രകാരം ആറ് കെട്ടിടങ്ങളാണ് വാടകക്ക് നൽകുന്നത്. എസ്റ്റേറ്റിലെ ഒഴിഞ്ഞ് കിടക്കുന്ന മുറികൾ വാടകക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 അങ്കണവാടികൾക്ക് ബേബി ചെയർ, വാട്ടർ ടാങ്ക്, പ്രഷർ കുക്കർ വാങ്ങൽ സർക്കാർ നിർദേശം പാലിച്ചില്ല.

പ്രോജക്ട് നം-51/2022-23
അടങ്കൽ- 200000/- രൂപ ( വികസന ഫണ്ട് ജനറൽ )
ചെലവ്- 144217/- രൂപ ( വികസന ഫണ്ട് ജനറൽ)

BRN- 22150552037801516343/28.03.2023

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള 28 അങ്കണവാടികൾക്ക് വാട്ടർ ടാങ്ക്, പ്രഷർ കുക്കർ എന്നിവ ടെണ്ടർ നടപടി പാലിച്ച് റാണി മെറ്റൽ & സ്റ്റോർസ്

കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും (ഇൻവോയിസ് നം-C864/17.03.2023) വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25000/-രൂപയ്ക്ക മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും ജെം മുഖേനയാണ് സമാഹരിക്കേണ്ടത്. എതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാൽ ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർസ് പർച്ചേസ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(06/14.09.2023)ക്ക് ഇനി മുതൽ സാധനങ്ങൾ പർച്ചേസ് ചെയ്യുമ്പോൾ GeM മുഖേന വാങ്ങാൻ ശ്രദ്ധിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

വാങ്ങൽ നടപടികളിൽ സർക്കാർ നിർദേശം പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-13 ഭിന്നശേഷിക്കാർക്ക് ഉപകരണം നൽകൽ -ഗുണഭോക്താക്കളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

പ്രൊജക്ട് : 50/2022-23(ഭിന്നശേഷിക്കാർക്ക് മെഡിക്കൽ ക്യാമ്പ്- ഉപകരണങ്ങൾ നൽകൽ)

അടങ്കൽ : ₹350000/- (വികസന ഫണ്ട്-ജനറൽ)

ചെലവ് : ₹349687/-

BRN No. : 22150552037801382695/16.03.2023

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം 349687/-രൂപയുടെ ഉപകരണങ്ങൾ കേരള സ്റ്റേറ്റ് ഹാന്റികേപ്ഡ് പേഴ്സൺസ് വെൽഫെയർ കോർപ്പറേഷനിൽ നിന്ന് വാങ്ങി (ഇൻവോയിസ് നം-187/2022-23) വിതരണം നടത്തിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ (സ.ഉ(കൈ)നം.115/2022ത.സ്വ.ഭ.വ തീയതി.28.05.2022) ഖണ്ഡിക 7.1.3(4) പ്രകാരം ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള ഉപകരണങ്ങൾ നൽകുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്ന ഗ്രാമപഞ്ചായത്തുകൾ ഇത്തരം ഉപകരണങ്ങൾ ഒരേ ഗുണഭോക്താവിന് ആവർത്തിച്ച് നൽകുന്നത് ഒഴിവാക്കുന്നതിന് തദേശ സ്ഥാപനത്തിൽ ഒരു ഡിജിറ്റൽ രജിസ്റ്റർ സൂക്ഷിക്കുന്നതിന് നിർദേശിച്ചിട്ടുണ്ട്. ആയത് പ്രകാരം പ്രോജക്ട് വഴി വിതരണം ചെയ്ത ഉപകരണങ്ങളുടെയും, ഗുണഭോക്താക്കളുടെയും വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(10/14.09.2023)ക്ക് വിതരണം ചെയ്ത ഉപകരണങ്ങളുടെയും, ഗുണഭോക്താക്കളുടെയും വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. രജിസ്റ്റർ തയ്യാറാക്കി വിവരം ആദ്യ മറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-14 വയോജനങ്ങൾക്ക് കട്ടിൽ -ടെണ്ടർ നടപടികളില്ലാതെ ARTCO മുഖേന നടപ്പാക്കി.

ഐ.സി.ഡി.എസ് സൂപ്പർ വൈസർ നിർവഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ വയോജനങ്ങൾക്ക് കട്ടിൽ എന്ന പ്രോജക്ട് ടെണ്ടർ നടപടികൾ പാലിക്കാതെ ARTCO മുഖേനയാണ് നടപ്പാക്കിയത്. പ്രൊജക്ടിന്റെ വിശദ വിവങ്ങൾ താഴെ നൽകുന്നു.

പ്രോജക്ട്- വയോജനങ്ങൾക്ക് കട്ടിൽ (നം- 207/2022-23)

വിതരണക്കാരൻ -Artisans Developement Co- Operative Ltd, AK Road Malappuram

ചെലവ്- 250736/-രൂപ (BRN-22150552037801382717/16.03.2023)

പ്രൊജക്ട് നടത്തിപ്പിൽ താഴെ പരാമർശിക്കുന്ന അപാകത കാണുന്നു.

സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ (ചട്ടം 9.23) ഇളവ് നൽകി ARTCOയിൽ നിന്ന് നേരിട്ട് വാങ്ങാവുന്ന സാധനങ്ങളും സേവനങ്ങളും വ്യക്തമാക്കിയും അതിന് നൽകാവുന്ന നിരക്ക് അംഗീകരിച്ചും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതാണ്. (GO(RT) No.21/2023/SPD Dt.24.02.2023) മേൽ ഉത്തരവിൽ ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ട സാധനങ്ങൾ പ്രസ്തുത ഉത്തരവിൽ അംഗീകരിക്കപ്പെട്ട വിലയിൽ വിതരണം ചെയ്യുന്നതിനാണ് സർക്കാർ ARTCOയ്ക്ക് അനുമതി നൽകിയിട്ടുള്ളത്. ഈ ഉത്തരവിൽ അനുബന്ധമായി ചേർത്ത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഫർണിച്ചർ വാങ്ങുന്നതിന് മറ്റു പ്രൊക്യൂർമെന്റ് നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് ഉത്തരവിൽ വ്യക്തമായി നിർദേശിച്ചിട്ടുണ്ട്.

എന്നാൽ മേൽ പ്രോജക്ട് പ്രകാരം വാങ്ങി വിതരണം ചെയ്ത 198cm Length* 90cm Width, Front Leg 60cm Height, Back Leg 50cm Height, 8mm Thickness Plywood Top. Mahagani Wood -Specifications ഉള്ള കട്ടിലുകൾ മേൽ പരാമർശിക്കപ്പെട്ട ഉത്തരവ് പ്രകാരം ടെണ്ടർ കൂടാതെ വിതരണം ചെയ്യുന്നതിന് അനുവദിക്കപ്പെട്ടവയല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(14/14.09.2023)ക്ക് തുടർ വർഷങ്ങളിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കുമെന്ന് മറുപടി ലഭ്യമാക്കി.

സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ ഇളവ് നൽകി നേരിട്ട് വാങ്ങാവുന്ന സാധനങ്ങളുടെ സ്പെസിഫിക്കേഷനും, വിലയും ഉത്തരവ് പ്രകാരം അംഗീകരിക്കപ്പെട്ടതാണ് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തുടർ വർഷങ്ങളിലെ പദ്ധതി നിർവ്വഹണത്തിൽ അപാകതകൾ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 വിവിധ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.യിൽ തുക നിക്ഷേപിച്ചതിന്റെ വിനിയോഗ/പൂർത്തീകരണ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. ചെലവ് തുക 976848/-രൂപ തടസ്സം ചെയ്യുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ കൊടുക്കുന്ന പ്രോജക്ടുകൾ നിർവ്വഹണം നടത്തുന്നതിനായി കെ.എസ്.ഇ.ബി.യിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ ആയതിന്റെ വിനിയോഗ/പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല.

| ക്രമ നം. | പ്രോജക്ട് വിശദാംശങ്ങൾ | വൗച്ചർ/ബിൽ നമ്പർ/ തീയതി/ തുക | കെ.എസ്.ഇ.ബി. സെക്ഷൻ |
|---|---|---|---|
| 1 | പ്രോജക്ട് നമ്പർ-47/23 ഗതാഗതത്തിന് തടസ്സം നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റൽ<br>അടങ്കൽ-200000-തനത് ഫണ്ട്<br>ചെലവ്- 115426-തനത് ഫണ്ട് | 22200332/12.09.2022 ₹35284/- | കടുങ്ങാത്തുകുണ്ട് |
| | | 22200374/27.09.2022<br>₹20560 | കടുങ്ങാത്തുകുണ്ട് |
| | | 22200375/27.09.2022<br>₹42857 | പുത്തനത്താണി |
| | | 22200644/31.01.2023<br>₹ 16725 | തുവ്വക്കാട് |
| 2 | പ്രോജക്ട് നമ്പർ-230/23 സ്ട്രീറ്റ് മെയിൽ വലിക്കൽ<br>അടങ്കൽ-1500000-വികസന ഫണ്ട് പൊതു വിഭാഗം<br>ചെലവ്- 839452-വികസന ഫണ്ട് പൊതു വിഭാഗം | 22150552005501424634/21.03.2023 ₹599912/- | കടുങ്ങാത്തുകുണ്ട് |
| | | 22150552005501424644/21.03.2023 ₹239540/- | തുവ്വക്കാട് |
| 3 | പ്രോജക്ട് നമ്പർ-236/23 തേക്കിലക്കാട് 131 നമ്പർ അങ്കണവാടിയിലേക്ക് ഇലക്ട്രിക് കണക്ഷൻ ലഭ്യമാക്കൽ<br>അടങ്കൽ-40000-തനത് ഫണ്ട്<br>ചെലവ്- 8990-തനത് ഫണ്ട് | 22200720/28.02.2023<br>₹ 8990 | കടുങ്ങാത്തുകുണ്ട് |
| 4 | പ്രോജക്ട് നമ്പർ-157/23 ഹോമിയോ ഡിസ്പൻസറിയ്ക്ക് വൈദ്യുതി കണക്ഷൻ | 22200486/16.11.2022<br>₹ 12980 | പുത്തനത്താണി |

| | | | |
|---|---|---|---|
| | ലഭ്യമാക്കൽ<br>അടങ്കൽ-50000-തനത് ഫണ്ട്<br>ചെലവ്- 12980-തനത് ഫണ്ട് | | |

വിവിധ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.യിൽ തുക നിക്ഷേപിച്ചതിന്റെ വിനിയോഗ/പൂർത്തീകരണ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 11/14.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി/രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 976848/-രൂപ തടസ്സം ചെയ്യുന്നു.

## 1-16 ലൈഫ് ഭവന പദ്ധതി- ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല

1)പ്രോജക്റ്റ് നമ്പർ 136/23- ലൈഫ് മിഷൻ ഭവന നിർമ്മാണം

നിർവഹണോദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ-73,40,000/-

ചെലവ് -51,20,000/-

ലൈഫ് ഭവന പദ്ധതിക്കു വേണ്ടി തെരഞ്ഞെടുക്കപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല. കരാർ പ്രകാരം 31.03.2023 ന് മുമ്പ് പൂർത്തിയാക്കേണ്ടതാണ്. നിർമാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് , വിലാസം | നാളിതുവരെ കൈപ്പറ്റിയ തുക | ബാക്കി തുക | അവസാനമായി തുക കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | ശാന്ത ,മേലേ പുറത്ത് അയിരാനി | 375000 | 25000 | 27.02.2023 |
| 2 | ലീല ,പുത്തൻ വയലിൽ | 375000 | 25000 | 27.02.2023 |
| 3 | ആസ്യ , പറമ്പാടൻ | 375000 | 25000 | 27.02.2023 |
| 4 | സുലൈഖ , ഉരുണിയൻ | 300000 | 100000 | 28.03.2023 |
| 5 | സാക്കിർ, പുല്ലാട്ടിൽ | 375000 | 25000 | 28.03.2023 |
| 6 | അബ്ദുൾ ലത്തീഫ്, മച്ചിഞ്ചേരി | 375000 | 25000 | 27.02.2023 |
| 7 | ബാബു കുന്നത്ത് പറമ്പിൽ | 300000 | 100000 | 07.02.2023 |
| 8 | നാരായണൻ കുന്നത്ത് പറമ്പിൽ | 300000 | 100000 | 07.02.2023 |
| 9 | ഖമറുന്നീസ, അല്ലക്കാട്ടിൽ | 375000 | 25000 | 28.03.2023 |
| 10 | ആയിഷ, വല്ലകത്ത് | 300000 | 100000 | 13.07.2023 |
| 11 | വത്സല, ചക്കിങ്ങൽ തൊടി | 300000 | 100000 | 13.07.2023 |
| 12 | റംല, കോട്ടാക്കൽ | 200000 | 200000 | 13.07.2023 |
| 13 | ഉണ്ണികൃഷ്ണൻ, | 200000 | 200000 | 28.03.2023 |

| | | | | |
|---|---|---|---|---|
| | പടിഞ്ഞാറെതൊടി | | | |

2)പ്രോജക്ട് നമ്പർ -243/23 -ലൈഫ് മിഷൻ 2020 ഭവന നിർമ്മാണം ജനറൽ

അടങ്കൽ- 40,00000/-

ചെലവ്-3,20,000/-

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് , വിലാസം | നാളിതുവരെകൈപ്പറ്റിയ തുക | ബാക്കി തുക | അവസാനമായി തുക കൈപ്പറ്റിയ തീയതി |
|---|---|---|---|---|
| 1 | പ്രിയ, കൊടശ്ശേരി | 200000 | 200000 | 13.07.2023 |
| 2 | നഫീസു പാറകുണ്ടിൽ | 200000 | 200000 | 13.07.2023 |
| 3 | ജംഷീന മൻസൂർ | 200000 | 200000 | 13.07.2023 |
| 4 | സമീറ കുന്നമ്മൽ | 300000 | 100000 | 13.07.2023 |

മേൽ പറഞ്ഞ ഗുണഭോക്താക്കൾ. ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 20/18.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 എസ്.എസ്.കെ വിഹിതം നൽകൽ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ചെലവ് തുക 12,00,000/- രൂപ തടസ്സം ചെയ്യുന്നു.

പ്രൊജക്ട് : 87/2023 എസ്.എസ്.കെ വിഹിതം നൽകൽ

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ - 12,00,000 (വികസന ഫണ്ട് )

ബിൽ നമ്പർ : 2215055200550540761/15-09-2022 : 12,00,000/-

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 12,00,000 രൂപ സ്റ്റേറ്റ് പ്രൊജക്ട് ഡയറക്ടർ, എസ്.എസ്.കെ ക്ക് നൽകിയിട്ടുണ്ട്.

പതിനാലാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(കൈ)നം.84/2022 /ത.സ്വ.ഭ.വ. തീയതി.19.04.2022) ഖണ്ഡിക 8.6(3) പ്രകാരം ഗ്രാമ പഞ്ചായത്തുകൾ ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ. പ്രോജക്ടുകൾക്ക് വകയിരുത്തണം. എസ്.എസ്.കെ.(സമഗ്ര ശിക്ഷാ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷാ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. ഖണ്ഡിക 8.6(4) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്ര ശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് സമഗ്ര ശിക്ഷാ കേരളത്തിൽ നിന്നും കൃത്യമായി നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ പദ്ധതി മാർഗ്ഗരേഖയിൽ അനുശാസിക്കുന്നത് പ്രകാരം പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചതിന്റെ വിവരം, 12,00,000 രൂപ കൈപ്പറ്റിയതിന്റെ രശീതി, പഞ്ചായത്ത് പരിധിയിൽപ്പെട്ട സ്കൂളുകളിൽ പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദ വിവരങ്ങൾ ഉൾക്കൊള്ളുന്ന വിനിയോഗ സാക്ഷ്യപത്രം എന്നിവയും ലഭ്യമല്ല.

മേൽ രേഖകൾ/വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കാൻ ആശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നമ്പർ 9/14.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി/രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതു വരെ ചെലവ് തുക 12,00,000/- രൂപ തടസ്സം ചെയ്യുന്നു.

## 1-18 വ്യക്തിഗത ബയോബിൻ വിതരണം- ഗുണഭോക്തൃ വിഹിതം ചെലവഴിച്ചില്ല.

പ്രോജക്റ്റ് നം. 214/23 വ്യക്തിഗത ബയോബിൻ വിതരണം

നിർവ്വഹണോദ്യോഗസ്ഥൻ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ – 22,48,400/- ( 9,43,000-ധനകാര്യ കമ്മീഷൻ അവാർഡ്, 1079596-കേന്ദ്രാവിഷ്കൃത ഫണ്ട്, 964-തനത് ഫണ്ട്, ഗുണഭോക്തൃ വിഹിതം -224840)

ചെലവ് തുക – 8,75,000 ( ധനകാര്യ കമ്മീഷൻ അവാർഡ്)

പെയ്മെന്റ് വൗച്ചർ നമ്പർ- XVFC/2022-23/P/27 Dated 30.03.2023 ₹ 8,75,000/-

ഇൻവോയ്സ് നമ്പർ- UBG/387/22-23 തീയതി. 27.03.2023 ₹ 8,75,000/-

ഗ്രാമ പഞ്ചായത്തിലെ തെരഞ്ഞെടുത്ത730 ഗുണഭോക്താക്കൾക്ക് വ്യക്തിഗത ബയോബിൻ വിതരണം ചെയ്യുന്നതിനാണ് പ്രോജക്റ്റ് വിഭാവനം ചെയ്തിട്ടുള്ളത്(90% സബ്സിഡിയും 10% ഗുണഭോക്തൃ വിഹിതവും ). ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ 18.03.2023 ലെ 2(1) നമ്പർ തീരുമാന പ്രകാരം ഇ-ടെണ്ടർ ലഭിച്ചതിൽ യൂണിവേഴ്സൽ ബയോഗ്യാസ് കമ്പനിയുടെ ടെണ്ടർ അംഗീകരിച്ചു(നെഗോസിയേഷന് ശേഷം 1750 രൂപ നിരക്ക്). ഇൻവോയ്സ് നമ്പർ- UBG/387 /22-23 തീയതി. 27.03.2023 ₹ 8,75,000/- പ്രകാരം 2022-23 വർഷത്തിൽ 500 ബയോബിനുകളാണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത്. പ്രോജക്റ്റ് നടപ്പിലാക്കിയപ്പോൾ 691 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതമായി 175 രൂപ നിരക്കിൽ ഈടാക്കി ആകെ 1,20,925/-പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. (24.3.2023 ലെ 1220109967/G100907 നമ്പർ രസീതി പ്രകാരം 6475രൂപയും, 27.3.2023 ലെ 12201010124/G100907 നമ്പർ രസീതി പ്രകാരം 39725രൂപയും, 28.3.2023 ലെ 1220110195/G100907 നമ്പർ രസീതി പ്രകാരം 60025രൂപയും, 30.3.2023 ലെ 1220110390/G100907 നമ്പർ രസീതി പ്രകാരം 14700രൂപയും ആകെ 1,20,925/- രൂപ ) .എന്നാൽ പ്രോജക്റ്റ് നിർവ്വഹണം നടത്തിയപ്പോൾ ഗുണഭോക്തൃ വിഹിതം ചെലവഴിക്കാതെ മുഴുവൻ തുകയും ധനകാര്യ കമ്മീഷൻ അവാർഡ് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. ഗുണഭോക്തൃ വിഹിതമായി ഈടാക്കിയ തുകയിൽ നിന്നും 500 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന് ചെലവഴിച്ച തുക യിൽ 87,500/- രൂപ ഗുണഭോക്തൃ വിഹിതമായി ലഭിച്ച തുകയിൽ നിന്നും ചെലവഴിക്കേണ്ടിയിരുന്നു.

ഗുണഭോക്തൃ വിഹിതം പദ്ധതി ചെലവിൽ ഉൾപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/18.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ:അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്യുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ മേൽ ഡെപ്പോസിറ്റ് തുക പൂർണമായോ,പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയോ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ വിവിധ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 27.04.2023 ലെ കെ.എസ്.എ. 117/സി.എ.ആർ 3/2023 നം. നിർദേശ പ്രകാരം ഇക്കാര്യത്തിലെ നിലവിലെ സ്ഥിതി വിവരം ശേഖരിക്കേണ്ടതിനാൽ 12, 13 എന്നീ പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22 വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ തുകകളുടെയും അവയിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം ഇക്കാലയളവിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നവയുടെ വിവരം:

| ക്ര നം. | വർഷം | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1. | 2015-16 | KSEB | കവളിയാർ ചോല കുടിവെള്ള പദ്ധതി | 35143 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 35,143 |
| | | „ | „ | 112507 | "" | 1,12,507 |
| | | „ | അംഗൻവാടി വൈദ്യുതീകരണം | 1000 | "" | 1,000 |
| | | „ | „ | 49250 | "" | 49,250 |
| 2. | 19-20 | KSEB | സ്ട്രീറ്റ് മെയിൻ വലിക്കൽ | 17492 | "" | 17,492 |
| 3. | 20-21 | KSEB | 198/21,സ്ട്രീറ്റ് മെയിൻ വലിക്കൽ | 5,70,000 | "" | 5,70,000 |
| | | കേരള വാട്ടർ അതോറിറ്റി | 263/21,ജലജീവൻ മിഷൻ വിഹിതം നൽകൽ | 22,46,522 | "" | 22,46,522 |

| | | | | | | |
|---|---|---|---|---|---|---|
| 4. | 21-22 | KSEB | പൂവൻചെന 121 നമ്പർ അങ്കണവാടി ഇലക്ട്രിഫിക്കേഷൻ 192/22 | 31186 | "" | 31,186 |
| | | | ഗതാഗതത്തിന് തടസ്സം നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റൽ 211/22 | 17381 | "" | 17,381 |
| | | കെ.ഡബ്ല്യൂ.എ | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ 106/22 | 1930000 | "" | 19,30,000 |
| | | ഭൂജല വകുപ്പ് | വനിതാ വ്യവസായ കേന്ദ്രം കുഴൽ കിണർ നിർമ്മാണം 89/2022 | 50482 | "" | 50,482 |
| | | | | | | 50,60,963 |

2012-13 മുതൽ 2021-22 വരെ കാലയളവിൽ മേൽ പട്ടികയിൽ കാണിച്ച പ്രവർത്തികൾ ഉൾപ്പെടെ ഏതെങ്കിലും പ്രവർത്തി പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും തുക ക്രമീകരിക്കുകയോ തിരികെ അടവാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണെന്ന അറിയിച്ച നല്കിയ ഓഡിറ്റ് എൻക്വയറി നം.01/11-09-2023 ന മറുപടി ലഭ്യമായിട്ടില്ല. ക്രമീകരിക്കാനുള്ള തുകകൾ വിനിയോഗിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്ന എന്ന് ഉറപ്പ് വരുത്തേണ്ടതും വിനിയോഗിക്കാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-20 സർക്കാർ പ്രൈമറി സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ: പദ്ധതി അപാകത

| | |
|---|---|
| പദ്ധതിയുടെ പേര് | സർക്കാർ പ്രൈമറി സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ |
| പ്രൊജക്റ്റ് നം. | 147/23 |
| നിർവഹണം | ഹെഡ് മാസ്റ്റർ |
| അടങ്കൽ | 2,00,000 |
| ചെലവ് | 1,97,200 |
| ബിൽ റെഫ. നം./തിയതി | 2215055203790 1471980/25.3.23 |
| ഫണ്ട് | MG(NR) |

ഹെഡ് മാസ്റ്റർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ സർക്കാർ പ്രൈമറി സ്കൂളുകളിലേക്ക് ഫർണിച്ചർ വാങ്ങൽ എന്ന മേൽ പദ്ധതിയുടെ ഭാഗമായി ടെണ്ടർ നടപടിയിലൂടെ മൂർക്കത്ത് ഫർണിച്ചർ, കഞ്ഞിപ്പുര എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. 204/23.03.2023 പ്രകാരം 3210 രൂപ നിരക്കിൽ 29 ബെഞ്ചും 3590 രൂപ നിരക്കിൽ 29 ഡെസ്കും വാങ്ങി പഞ്ചായത്ത് പരിധിയിലെ വിവിധ ഗവ. പ്രൈമറി സ്കൂളുകളിലേക്കായി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ജി.ഒ(പി)നം.7/19/എസ്.പി.ഡി തിയതി 26-04-2019 പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000/-രൂപയ്ക്കു മുകളിലുള്ള സാധനങ്ങളും സേവനങ്ങളും നിർബന്ധമായും GeM മുഖേനയാണ് സമാഹരിക്കേണ്ടത്. ഏതെങ്കിലും പ്രത്യേക ഇനം GeM ൽ ലഭ്യമല്ലാത്തതിനാലോ, ആയത് GeM മുഖേന വാങ്ങുന്നത് ഉചിതമല്ലെന്ന് വകുപ്പ് മേധാവിക്ക് ബോദ്ധ്യപ്പെട്ടാലോ, സ്പെസിഫിക്കേഷനോ ആവശ്യകതയോ വളരെ പ്രത്യേകതയുള്ളതാണെങ്കിലോ മാത്രം കാരണം രേഖപ്പെടുത്തിയതിനു ശേഷം സ്റ്റോർസ് പർച്ചേസ് മാനുവലിൽ സൂചിപ്പിച്ചിട്ടുള്ള മറ്റു മാർഗ്ഗങ്ങളിലൂടെ (ക്വട്ടേഷൻ, ടെണ്ടർ മുതലായവ) ആയത് വാങ്ങാവുന്നതാണ്. മേൽ വാങ്ങൽ നടപടിയിൽ പ്രസ്തുത സർക്കാർ നിർദേശം പാലിക്കപ്പെട്ടിട്ടില്ല. വിശദീകരണമാരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി 08/14-09-2023 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായ ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 വർക്കിംഗ് ഗ്രൂപ്പ്:അവലോകനം

2022-23 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ മിക്ക വർക്കിംഗ് ഗ്രൂപ്പുകൾക്കും അവരുടെ

ചുമതല നിർവഹിക്കുന്നതിൽ വീഴ്ച വന്നതായി കാണുന്നു. 2022-23 വർഷത്തിൽ രണ്ടു ഗ്രൂപ്പുകൾ ( കൃഷി, വനിത വികസനം) ഒഴികെ ശേഷിക്കുന്ന എല്ലാ ഗ്രൂപ്പുകളും 27.4.2022, 16.12.2022 എന്നീ ദിവസങ്ങളിലായി 2 തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. ഏതാനും വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് ക്ലോസ് ചെയ്തിട്ടില്ല (ഉദാ: ആരോഗ്യം:16.12.22,പൊതു മരാമത്ത്:27.4.22). കൂടാതെ ഓരോ പദ്ധതികൾക്കും അംഗീകാരം ലഭിച്ചതിന് ശേഷം അതിന്റെ തുടർന്നുള്ള മോണിറ്ററിംഗ് നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. ആയതും യഥാവിധി നടത്തിയതിന്റെ വിവരങ്ങൾ പൂർണമായും ലഭ്യമല്ല.

സ.ഉ(കൈ)നം.84/2022 ത.സ്വ.ഭ.വ തി.19.4.2022 ഉത്തരവിലെ ഖണ്ഡിക 3.1.2 (ബി) പ്രകാരം വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലകൾ താഴെ കൊടുക്കുന്നു.

(1)പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും പദ്ധതി രൂപീകരണപ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാദ്ധ്യത പ്രയോജനപ്പെടുത്തുന്നതിനും ശ്രമിക്കുക.

(2) സ്റ്റേക്ക് ഹോൾഡർ കൂടിയാലോചനകൾ, ബാങ്ക്/സഹകരണ സ്ഥാപനങ്ങളുമായുള്ള ചർച്ച, ഗ്രാമസഭാ യോഗങ്ങൾ, വികസന സെമിനാർ എന്നിവിടങ്ങളിലെ ചർച്ചകൾ തുടങ്ങിയവയ്ക്ക് അക്കാദമിക് സഹായവും നേതൃത്വവും നൽകുക.

(3) അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക.

(4) വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയമേഖലയുമായി ബന്ധപ്പെട്ട സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക.

(5) കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിൽ ലഭ്യമായിട്ടുള്ള പ്രാഥമിക വിവരങ്ങളും തദ്ദേശസ്ഥാപനതല സ്ഥിതി വിവരകണക്കുകൾ, ജനസംഖ്യാ റിപ്പോർട്ട് എന്നിവയിൽ നിന്നുള്ള ദ്വിതീയ വിവരങ്ങളും ശേഖരിച്ച് വിവരാടിത്തറ ഒരുക്കുവാൻ സഹായിക്കുക.

(6) വാർഷിക പദ്ധതി തയ്യാറാക്കുന്നതിന്റെ പ്രാരംഭപ്രവർത്തനമായി നിലവിലുള്ള അവസ്ഥാരേഖ പരിഷ്കരിക്കുക.

(7) ഗ്രാമസഭയിൽ അച്ചടിച്ച് നൽകുന്നതിനാവശ്യമായ വിവരങ്ങളും (ഫോറം 4, 5, 6 പദ്ധതിരേഖയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ വിവരങ്ങളും എഴുതി തയ്യാറാക്കുക. (ഒരു സാമ്പത്തികവർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ കണക്കുകൾ ഫോറം 4 ൽ തയ്യാറാക്കി ഏറ്റവുമാദ്യം നടക്കുന്ന ഗ്രാമസഭാ യോഗത്തിൽത്തന്നെ അവതരിപ്പിക്കേണ്ടതാണ്.)

(8) സർക്കാർ നൽകിയിട്ടുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങളും ജില്ലാ ആസൂത്രണ സമിതി നൽകിയിട്ടുള്ള നിർദ്ദേശങ്ങളും പരിഗണിച്ച് അവസ്ഥാരേഖയെ അടിസ്ഥാനമാക്കി പ്രോജക്ടുകൾ രൂപീകരിക്കു ന്നതിനാവശ്യമായ ഉപദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും ആവശ്യമെങ്കിൽ മറ്റ് വർക്കിംഗ് ഗ്രൂപ്പുകൾക്കും നൽകുക, ഗ്രാമസഭായോഗത്തിൽ ചർച്ചയ്ക്ക് നൽകേണ്ട പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികളെ സഹായിക്കുക.

(9) ഗ്രാമസഭായോഗം, ഊരുകൂട്ട യോഗം, മത്സ്യസഭായോഗം എന്നിവയിലും സമാന യോഗങ്ങളിലും വികസന സെമിനാറിലും വിഷയഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള ചർച്ചയ്ക്ക് നേതൃത്വം നൽകുക.

(10) നവകേരളം കർമ്മപദ്ധതി 2 ന്റെ ഭാഗമായുള്ള ഹരിത കേരളം, ലൈഫ്, ആർദ്രം, വിദ്യാകിരണം എന്നീ വികസന ദൗത്യങ്ങളുമായി പ്രാദേശിക പദ്ധതികളെ ഏകോപിപ്പിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുക.

(11) വിവിധ മേഖലകളുടെ സംയോജിതമായ ഇടപെടൽ വേണ്ട ഉപപദ്ധതികളുടെയും പ്രത്യേക പദ്ധതികളുടെയും കാര്യത്തിൽ ബന്ധപ്പെട്ട എല്ലാ മേഖലകളിലും പ്രോജക്ടുകൾ ഉൾപ്പെടുത്തുന്നുണ്ടെന്ന് ഉപപദ്ധതിയുടെ/പ്രത്യേക പദ്ധതിയുടെ രൂപീകരണ ചുമതലയുള്ള മുഖ്യ വർക്കിംഗ് ഗ്രൂപ്പ് ഉറപ്പാക്കണം. (ഉദാ: അതിദരിദ്രർക്ക് വേണ്ടിയുള്ള മൈക്രോപ്ലാനുകൾ (ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ്), പ്രാദേശിക സാമ്പത്തിക വികസന പദ്ധതി പ്രാദേശിക സാമ്പത്തിക വികസന വർക്കിംഗ് ഗ്രൂപ്പ്), ദുരന്ത നിവാരണ പ്ലാൻ, കാലാവസ്ഥാ വ്യതിയാന പ്രാദേശിക കർമ്മ പദ്ധതി (ജൈവവൈവിദ്ധ്യ: മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം, പരിസ്ഥിതി സംരക്ഷണം, ദുരന്ത നിവാരണ വർക്കിംഗ് ഗ്രൂപ്പ്))

(12) ഭരണസമിതി അംഗീകരിച്ച വാർഷിക പദ്ധതിയിലെ പ്രോജക്ടുകൾ നിശ്ചിത ഫോറങ്ങളിൽ പൂർണ്ണമായും എഴുതി തയ്യാറാക്കുകയും അവ സുലേഖ ആപ്ലിക്കേഷനിൽ പൂർണ്ണമായും ഡാറ്റാ എൻട്രി ചെയ്യിക്കുകയും ചെയ്യുക.

(13) വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ചശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യുക.

(14) വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ചുചേർക്കൽ, മിനിട്സ് രേഖപ്പെടുത്തൽ, മിനിട്സ് ബുക്ക് സൂക്ഷിക്കൽ, ചുമതല ഒഴിയുമ്പോൾ ബന്ധപ്പെട്ട രേഖകൾ കൃത്യമായി കൈമാറുക തുടങ്ങിയവ വർക്കിംഗ് ഗ്രൂപ്പ് കൺവീനറുടെ ചുമതലകളാണ്.

(15) "ജൈവവൈവിധ്യ മാനേജ്മെന്റ്, കാലാവസ്ഥാവ്യതിയാനം, പരിസ്ഥിതിസംരക്ഷണം, ദുരന്ത നിവാരണം" എന്ന വർക്കിംഗ് ഗ്രൂപ്പിന്റെ പ്രത്യേക ചുമതലകൾ ഇതേ ഉത്തരവിലെ അനുബന്ധം 2 ൽ നൽകിയിട്ടുണ്ട്.

മേൽ സർക്കാർ ഉത്തരവിലെ നിർദേശങ്ങൾ പാലിക്കപ്പെട്ടോ എന്നത് വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് ബുക്ക്, ഓഡിറ്റിനു ലഭ്യമാക്കിയ രേഖകൾ എന്നിവ പരിശോധിച്ചതിൽ നിന്നും വ്യക്തമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ ചുമതലകൾ നിർവ്വഹിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പ് വരുത്തേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.23/19.9.23)

## 1-22 പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ- അപാകത

പ്രോജക്ട് നം 22/2022-23 (പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ )
അടങ്കൽ : 8,00000/-രൂപ (7,00000/- മെയിന്റെനൻസ് ഫണ്ട് നോൺ റോഡ്, 1,00000/- തനത് ഫണ്ട് )
ചെലവ്: 799992/- രൂപ (മെയിന്റെനൻസ് ഫണ്ട് നോൺ റോഡ്-7,00000/-,തനത് ഫണ്ട് 99992/-)

മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പ്രോജക്ട് പ്രകാരം 799992/- രൂപ ചെലവഴിച്ച് പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങിയിട്ടുണ്ട്. സ.ഉ(കൈ)നം.115/2022/ത.സ്വ.ഭ.വ തീയ്യതി- 28.05.2022 സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗരേഖയിലെ ഖണ്ഡിക നം.7.6.4 (l) പ്രകാരം അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാവൂ. KMSCL യിൽ നിന്ന് മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ കൊല്ലത്തുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഡിപ്പോയിൽ നിന്ന് വാങ്ങാം. ഇവിടെ നിന്നും മരുന്ന് ലഭിക്കാൻ കാലതാമസം വന്നാൽ പാലിയേറ്റീവ് പ്രവർത്തനത്തിനടക്കമുള്ള അത്യാവശ്യ മരുന്നുകൾ കാരുണ്യ, മാവേലിസ്റ്റോർ, സപ്ലൈകോ, ജൻഔഷധി തുടങ്ങിയ സ്ഥാപനങ്ങളുടെ ഔട്ട് ലറ്റുകളിൽ നിന്ന് മരുന്ന് വാങ്ങാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മേൽ പ്രോജക്ട് പ്രകാരം 799992/--രൂപയുടെ മുഴുവൻ മരുന്നുകളും ഇത്തരം ഔട്ട് ലറ്റായ നീതി മെഡിക്കൽ സ്റ്റോർ, എടപ്പാൾ ബ്രാഞ്ച് വഴിയാണ് വാങ്ങിയിട്ടുള്ളത്. വിശദ വിവരം താഴെ ചേർക്കുന്നു.

| ബിൽ നം/തീയതി. | തുക |
|---|---|
| 22150552037300198550/14.06.2022 | 64950 |
| 22150552037300232325/23.06.2022 | 6970 |
| 22150552037300363758/27.07.2022 | 176210 |
| 22150552037300457752/25.08.2022 | 53370 |
| 22150552037300609870/06.10.2022 | 102940 |
| 22150552037300609887/06.10.2022 | 38811 |
| 22150552037300968260/14.12.2022 | 237681 |
| 2215055203730069879/06.10.2022 | 10920 |
| 22150552037301390090/17.03.2023 | 8148 |
| 17.03.2023 | 99992 |
| ആകെ | 799992 |

പരിരക്ഷ പോലെയുള്ള ആവശ്യങ്ങൾക്കല്ലാതെ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് പുറത്തുള്ള ഏജൻസിയിൽ നിന്ന് മരുന്ന് വാങ്ങാനുണ്ടായ സാഹചര്യം സംബന്ധിച്ച് രേഖകൾ ഒന്നും തന്നെ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12/14.09.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-23 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന വാങ്ങൽ -മുഴുവൻ മരുന്നുകൾ ലഭ്യമായില്ല

പ്രോജക്ട് - 24/23 ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (ഹോമിയോ)

അടങ്കൽ- 2,00,000/-(മെയിന്റനൻസ് ഫണ്ട് റോഡിതരം)

ബിൽ നമ്പർ 22150552037400662105/18.10.2022- ₹2,00,000/-

പ്രോജക്ട് പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിയ്ക്ക് കോ-ഓപറേറ്റീവ് ഫാർമസി ലിമിറ്റഡിൽ നിന്നും മരുന്നുകൾ വാങ്ങുന്നതിനായി പ്രോഫോർമ ഇൻവോയിസ് നം. PF457/30.09.2022 ₹2,00,000/- പ്രകാരം തുക മുൻകൂർ

നൽകിയിട്ടുണ്ട്. 23.12.2022 ലെ കരാർ പ്രകാരം തുക അടവാക്കിയതിന് ശേഷം 9 മാസത്തിനുള്ളിൽ മരുന്നുകൾ വിതരണം ചെയ്യുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി 79,258/- രൂപയുടെ മരുന്നുകൾ(ഇൻവോയ്സ് നം. LF542 /15.07.2023)മാത്രമാണ് ലഭ്യമായിട്ടുള്ളത്

അവശേഷിക്കുന്ന തുകയ്ക്കുള്ള 120742/- (200000-79258) മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറിയ്ക്ക് (13/14.09.2023) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-24 തെരുവ് വിളക്ക് പരിപാലനം - അപാകതകൾ

പ്രൊജക്ട് നമ്പർ- 46/23 സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ

അടങ്കൽ - 4,00,000/-(തനത് ഫണ്ട്)

ചെലവ്- 3,86,880/-(തനത് ഫണ്ട്)

വൗച്ചർ നം. 1) 22200396/03-10-2022 : 1,24,000/-

2) 22200714/21-02-2023 : 1,75,460/-

3) 22200895/31-03-2023 : 87,,420/-

സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് ഫയൽ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു -

1. പ്രോജക്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ഗ്രാമ പഞ്ചായത്തിലെ 19 വാർഡുകളിലെ LED SET, LED BULB, SINGLE TUBE SET, DOUBLE TUBE SETഎന്നിവ റിപ്പയർ ചെയ്യുന്നതിനാണ് ടെണ്ടർ വിളിച്ചത്. എന്നാൽ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്ററിൽ 2017-18 ൽ 18വാട്ട്സുള്ള 215 എൽ.ഇ.ഡി. ബൾബുകളുടെ വിവരവും 2018-19 വർഷത്തിൽ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള 18വാട്ട്സുള്ള 129 എൽ.ഇ.ഡി. ബൾബുകളുടെ വിശദാംശങ്ങളും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എൽ.ഇ.ഡി. ബൾബുകൾ എല്ലാതെ ടെണ്ടർ പരസ്യത്തിൽ കാണിച്ചിട്ടുള്ള മറ്റു ഇനത്തിലെ തെരുവ് വിളക്കുകൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. കരാറിലെ ( നമ്പർ 29/2022- തീയതി. 22.02.2022)ക്രമ നം. 6 പ്രകാരം ഓരോ ദിവസവും ചെയ്യുന്ന ജോലിയെ സംബന്ധിച്ച് പ്രത്യേക ഫോറത്തിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ (പോസ്റ്റ് നമ്പർ, ഉപയോഗിച്ച സാധനങ്ങൾ, വില, കൂലിചെലവ് മുതലായവ) വരുത്തേണ്ടതും ചെയ്ത ജോലികളെ സംബന്ധിച്ച് ബന്ധപ്പെട്ട വാർഡിലെ മെമ്പറുടേയും അറ്റകുറ്റപണികൾക്ക് മേൽനോട്ടം വഹിച്ച കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥന്റേയും ഇക്കാര്യത്തിലുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് എ.എം.സി. തുക കരാറുകാരന് നൽകുകയെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കരാറിലെ നിബന്ധനകൾ പാലിക്കാതെ പോസ്റ്റ് നമ്പർ മാത്രം രേഖപ്പെടുത്തിയിട്ടുള്ള വാർഡ് മെമ്പർമാരുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ മേൽ വൗച്ചറുകൾ പ്രകാരമുള്ള തുക കരാറുകാരന് നൽകി.

3. കോൺട്രാക്ടർക്ക് തുകകൾ നൽകുന്നതിന് മുമ്പായി Maintenance Report തയ്യാറാക്കി ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. തെരുവുവിളക്കുകളുടെ പരിപാലനം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി2-44274/16 നം. കത്തിൽ പരാമർശിച്ചതിൽ പ്രകാരം , ഉപയോഗശൂന്യമായവ ഗ്രാമപഞ്ചായത്ത് ഓഫീസിൽ തിരിച്ചേൽപ്പിച്ച്, അതാത് ദിവസം തന്നെ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. ടി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

6. 2022-23- വാർഷികക്കണക്ക പ്രകാരം ഗ്രാമ പഞ്ചായത്ത് തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ തനത് ഫണ്ടിൽ നിന്നും 6,27,513 രൂപ വൊദ്യുതി ബോർഡിൽ ഒടുക്കിയിട്ടുണ്ട്. പ്രവർത്തനക്ഷമമായ തെരുവു വിളക്കുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ, KSEB യുമായി സംയുക്തമായി നടത്തിയ പരിശോധനാ റിപ്പോർട്ട്, തെരുവ് വിളക്ക് റിപ്പയർ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് മറുപടി/രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (17/15.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി/രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-25 മരാമത്ത് പ്രവൃത്തിയിൽ കരാറുകാരന് അധികം അനുവദിച്ച തുക ഓഡിറ്റ് അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി - അടവാക്കിയത് 29,939 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ

കരാറുകാരന് അധികം അനുവദിച്ച തുക ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ ഭാഗമായി തിരിച്ചടവാക്കി.

| പ്രവൃത്തി | അപാകത | ഓഡിറ്റ് അന്വേഷണം നമ്പർ | തിരിച്ചടവാക്കിയ തുക | രസീത് നമ്പർ |
|---|---|---|---|---|
| മണിയംതോട് നവീകരണ പ്രവൃത്തി ( 199/23) | തെറ്റായ ഷെഡ്യൂൾ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി | 4 / 14.9.23 | 29,939 | 1230601049/18.9.23 |

അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 പഞ്ചായത്ത് ഓഫീസിന്റെ ചുറ്റുമതിൽ ബലപ്പെടുത്തൽ - തെറ്റായ നിരക്ക് അനുവദിച്ച് കരാറുകാരന് അധിക തുക നൽകി - നഷ്ടം 4282 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തിയിൽ സോളിഡ് ബ്ലോക്ക് (40x20x15 Cm) ഉപയോഗിച്ച് പഞ്ചായത്ത് ഓഫീസിന്റെ ചുറ്റുമതിൽ പടവ് (1.12 മീറ്റർ ഉയരം) ചെയ്യുതിന് അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.6.1.9 പ്രകാരമുള്ള നിരക്കാണ് നൽകിയത്. എന്നാൽ ഒബ്സർവ്ഡ് ഡാറ്റ 50.6.1.9 പ്രകാരമുള്ള നിരക്ക് അനുവദനീയമായിട്ടുള്ളത് കെട്ടിടങ്ങളുടെ രണ്ടാം നില മുതൽ നാലാം നില വരെയുള്ള പ്രവൃത്തികൾക്കാണ്. പരാമർശ പ്രവൃത്തിക്ക് അനുവദിക്കാവുന്നത് 50.6.1.7 (ഫൗണ്ടേഷൻ, ബെയ്സ്മെന്റ് പ്രവൃത്തികൾ) പ്രകാരമുള്ള നിരക്കാണ് . കരാറുകാരന് അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ഇനം/ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| പഞ്ചായത്ത് ഓഫീസിന്റെ ചുറ്റുമതിൽ ബലപ്പെടുത്തൽ<br>(SO203/23)<br>ഫണ്ട് - തനത് ഫണ്ട്<br>കരാർ -74/AE/ 29.3.2022<br>TS No. - 81830/21-22 – 2,00,000<br>Esti.No. – 2022/7234<br>കരാറുകാരൻ - ശ്രീ. മുഹമ്മദ് നിയാസ്.കെ<br>വൗച്ചർ - 22200816/17.3.23 - 188251<br>മൂല്യനിർണ്ണയം - 188251<br>അളവ് പുസ്തകം - | സോളിഡ് ബ്ലോക്ക് മേസനറി<br>(ഇനം 4)<br>6.426 $M^3$ | 51365.85<br>@7993.44/$m^3$ X 6.59$m^3$ | 47538.07<br>@7397.77x6.59/$m^3$ | 4282<br>(3827.78-5.2%Tender Below+18%GST) |

| | | | | | |
|---|---|---|---|---|---|
| 99/21-22<br>Cost Index – 36.44% (2018 DSoR) | | | | | |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/15.9.23) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്ന് ഈടാക്കുകയോ അല്ലെങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കുകയോ ചെയ്യേണ്ടതാണ്.

## 1-27 അസി.എഞ്ചിനീയർ - കാഷ്ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല-സാമ്പത്തിക വർഷാന്ത്യത്തിൽ ബാങ്കിലെ നീക്കിയിരിപ്പ് 167981 രൂപ

അസി.എഞ്ചിനീയറുടെ പേരിൽ പുത്തനത്താണി SBI ശാഖയിൽ ഉള്ള 39077456331 നമ്പർ ബാങ്ക് അക്കൗണ്ടിൽ 31.3.23 ന് 167981 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി വ്യക്തമായി. പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വിസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക മാത്രമാണ് മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുന്നത് എന്നതിനാൽ ഈ ഇനത്തിൽ അനുവദിക്കുന്ന തുക ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസി. എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെടുന്ന തുക, മരാമത്ത് പ്രവൃത്തികൾക്കല്ലാതെ എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കുന്ന തുക , ടെണ്ടറിന്റെ ഭാഗമായി ടെണ്ടർ ഫീ, EMD എന്നിങ്ങനെ വിവിധ ഇനങ്ങളിലായി അക്കൗണ്ടുകളിൽ പണം വരാൻ സാധ്യതയുണ്ട്. AE യുടെ പേരിലുള്ള എല്ലാ അക്കൗണ്ടുകളിലെയും വരവ് ചെലവുകൾ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതായിരുന്നു എങ്കിലും അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിൽ ഇത്തരത്തിൽ കാഷ്ബുക്ക് എഴുതി സൂക്ഷിച്ചിട്ടില്ല.. 2023-24 സാമ്പത്തിക വർഷത്തിൽ 31.5.23 ന് നീക്കിയിരപ്പുണ്ടായിരുന്ന 169073 രൂപയിൽ നിന്നും 100755 രൂപ 11.7.2023 ന് E Tender ഫീസിനത്തിൽ സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ഇതിൽ ബാക്കിയുള്ള 68318 രൂപ ഏത് ഇനത്തിലുള്ള വരവാണെന്ന് വ്യകതമല്ല. കാഷ്ബുക്കിൽ എല്ലാ വരവ് ചെലവുകളും എഴുതി സൂക്ഷിക്കാത്തതിനാൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണ് എന്ന് ഓഡിറ്റിന് കണ്ടെത്താൻ സാധിച്ചിട്ടില്ല

ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനം അനുവദിച്ച തുക/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് വേണ്ടി ലഭിച്ച തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകുന്നതിൽ വീഴ്ച വന്നതായി കാണുന്നു.

ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ഏതെല്ലാം ഇനത്തിൽ വരവ് വന്നതാണെന്ന് അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (5/14.9.23) GST ഇനത്തിലുള്ള തുകയാണെന്ന് വ്യകതമാക്കി. തുക അർഹരായ ആളുകൾക്ക് / വകുപ്പുകൾക്ക് നൽകി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ കാഷ്ബുക്ക് ക്രമപ്രകാരം എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-28 അസി.എഞ്ചിനീയറുടെ ഓഫീസിലെ വാഹന വാടക – ആദായ നികുതി ഈടാക്കിയില്ല.

അസി.എഞ്ചിനീയറുടെ ഓഫീസിലെ വാഹന വാടക ഇനത്തിൽ ശ്രീ.അബ്ദുൾ റഷീദ് പേവുങ്ങൽ എന്നവർക്ക് താഴെ പറയും പ്രകാരം തുക തനത് ഫണ്ടിൽ നിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. AE/LSGD/KLPY/01/22-23 Dtd 24.1.2023 നമ്പർ കരാർ പ്രകാരം 36000 രൂപ മാസ വാടകക്കാണ് വാഹനം (KL55W-237)എടുത്തിരിക്കുന്നത്. Income Tax Act 1961, Sec.194C പ്രകാരം ,അനുവദിക്കുന്ന തുക 30,000 രൂപക്ക് മുകളിൽ ആണെങ്കിലും (Single Payment) ,ഒരു വർഷത്തിൽ ആകെ അനുവദിക്കുന്ന തുക 1,00,000 രൂപക്ക് മുകളിൽ ആണെങ്കിലും 194C പ്രകാരമുള്ള നികുതി അടക്കാൻ ടിയാൻ ബാധ്യസ്ഥനാണ് (Transportation Contract). അനുവദിക്കുന്ന തുകയിൽ നിന്നും 1% TDS പിടിക്കേണ്ടതും ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതുമാണ്.

| വൗച്ചർ | അനുവദിച്ച തുക |
|---|---|
| 22200890/28.2.23 | 36000 |
| 22200987/3.3.23 | 15048 |

മേൽ നിബന്ധന പാലിച്ചിട്ടില്ല. വിശദീകരണം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/18.9.23) മേൽ ബില്ലുകളിൽ നിന്നും ആദായ നികുതി ഈടാക്കുവാൻ വിട്ടുപോയതാണെന്നും തുടർ ബില്ലുകളിൽ നിന്നും പിടിച്ച് വരുന്നുണ്ടെന്നും മറുപടി ലഭ്യമാക്കി. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ഹരിത കർമ്മ സേന പ്രവർത്തനങ്ങൾ- അവലോകനം

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ചലനാത്മകത പകർന്ന് കൊണ്ട് നടപ്പിലാക്കി വരുന്ന നൂതന സംരംഭമാണ് ഹരിത കർമ്മസേന. ശുചിത്വ മാലിന്യ സംസ്കരണം, സുസ്ഥിര കൃഷി വികസനം, ജലവിഭവ സംരക്ഷണം, എന്നിവ ഉൾക്കൊള്ളുന്ന ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും, സ്ത്രീ ശാക്തീകരണവും മുഖ മുദ്രയാക്കി പ്രവർത്തിക്കുന്ന കുടുംബശ്രീ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, പൊല്യൂഷൻ കൺട്രോൾ ബോർഡ്, എന്നിവ സംയോജിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന – തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. മാലിന്യ സംസ്കരണ രംഗത്ത് കേരളത്തിന്റെ വ്യക്തി മുദ്ര പതിപ്പിക്കുന്ന ഹരിത കർമ്മസേന യുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം.2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ ഉത്തരവിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗനിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

നിലവിൽ 9 അംഗങ്ങളാണ് ഹരിത കർമ്മസേനയിൽ ഉള്ളത്. 19വാർഡുകൾ ഉള്ള ഗ്രാമ പഞ്ചായത്തിൽ എല്ലാ വാർഡിലേക്കും അംഗങ്ങൾ ഇല്ല. നിലവിലെ അംഗങ്ങൾ തന്നെ മുഴുവൻ വാർഡിലേയും മാലിന്യ ശേഖരണം നടത്തുന്ന രീതിയാണ് നിലവിലുള്ളത്. നിലവിൽ പ്രസിഡണ്ട്, സെക്രട്ടറി, ട്രഷറർ എന്നിവരുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടക്കുന്നത്. വീട്ടുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിന് വീട് ഒന്നിന് 50/- രൂപയും, കടകൾക്ക് 100/- രൂപയും ഫീസ് ഈടാക്കി വരുന്നു. ആയത് പിരിക്കുന്നതിന് പ്രത്യേകം തയ്യാറാക്കിയ രശീത് ബുക്കുകൾ ഉപയോഗിക്കുന്നു. ഇത് കൂടാതെ മാലിന്യങ്ങൾ തരം തിരിച്ച് ക്ലീൻ കേരള കമ്പനിക്ക് /എക്കോ വേൾഡ് നിലമ്പൂർ എന്ന കമ്പനിയ്ക്ക് നൽകുമ്പോൾ ലഭിക്കുന്ന തുകയുമാണ് ഹരിത കർമ്മസേനയുടെ വരുമാനം. 2022-23 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി താഴെ കാണിച്ച തുക വകയിരുത്തി ചെലവഴിച്ചിട്ടുണ്ട്.

| ക്രമ | പ്രോജക്റ്റ് | ഫണ്ടിനം | അടങ്കൽ | ചെലവ് | നിർവ്വഹണം |
|---|---|---|---|---|---|
| 1 | 132/23 ഹരിത കർമ്മസേന പ്രവർത്തനങ്ങൾ | തനത് ഫണ്ട് | 1,50,000/- | 1,25,302/- | VEO |

ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച് ലഭ്യമായ രേഖകൾ , രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ കൂടി ചെയ്യേണ്ടതുണ്ട്.

1. 12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വ പ്രകാരം അജൈവ പാഴ് വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ എം.സി.എഫുകൾ വാർഡ് തലത്തിൽ നിർമിക്കണം (കുറഞ്ഞത് 2 വാർഡുകൾക്ക് 150 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം വേണം) തദ്ദേശ സ്വയം ഭരണ സ്ഥാപന മാലിന്യ ശേഖരണത്തിനുള്ള സ്ഥിരം സംവിധാനം എന്ന നിലയിൽ ഗ്രാമപഞ്ചായത്തിന് വാർഡ് 4ൽ സ്വന്തമായ ഒരു എം സി എഫ് മാത്രമാണ് ഉള്ളത്. എം സി എഫ് ഇൽ സ്ഥല സൗകര്യമുണ്ട്. വൈദ്യുതി, വെള്ളം, ശുചിത്വ സൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എം.സി.എഫിലേക്ക് ഒരു വെയിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്.

2. വിവിധ വാർഡുകളിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ എം സി എഫിൽ എത്തിക്കുന്നതിന് സ്വന്തമായി വാഹനസൗകര്യം ഇല്ല. നിലവിൽ വാഹനം ദിവസ വാടകയ്ക്കാണ് ഉപയോഗിക്കുന്നത്.

3. ഹരിത കർമ്മസേനയുടെ രജിസ്റ്ററുകളും മറ്റു രേഖകളും സൂക്ഷിക്കുന്നതിന് ആവശ്യമായ ഫർണിച്ചർ സൗകര്യങ്ങൾ നിലവിലില്ല.

4.ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ 0836101047394 നമ്പരിൽ കനറാ ബാങ്ക് കൽപകഞ്ചേരി ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. 23.02.2023 മുതൽ മാത്രമാണ് ക്യാഷ് ബുക്കിൽ വരവ്-ചെലവ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത്.

5. നിലവിൽ അജൈവ മാലിന്യങ്ങൾ എക്കോ വേൾഡ് നിലമ്പൂർ എന്ന സ്ഥാപനത്തിനാണ് കൈമാറുന്നത്. മാലിന്യ ശേഖരണത്തിനുള്ള ചെലവുകൾ കണ്ടെത്തുന്നതിനുള്ള പ്രധാന വരുമാനം ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന യൂസർഫീയാണ്. വീട്ടുകൾക്ക് 50 രൂപയും വ്യാപാര സ്ഥാപനങ്ങൾക്ക് 100 രൂപയുമാണ് യൂസർഫീയായി നിശ്ചയിച്ചിട്ടുള്ളത്. ഇതിനായി പ്രത്യേകം രസീത് ബുക്കുകളും അച്ചടിച്ചിട്ടുണ്ട്. കളക്ഷൻ ബുക്ക് ഹരിത കർമ്മസേനയും കളക്ഷൻ കാർഡ് വീട്ടുകളിലും സൂക്ഷിക്കുന്നു. കളക്ഷൻ കാർഡ് തയ്യാറാക്കി ഉപഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ

രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. എംസി.എഫിലേക്ക് എത്തിക്കുന്ന അജൈവ മാലിന്യങ്ങളുടെ തരം തിരിച്ചുള്ള അളവ് രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ 07.02..23 മുതൽ പരിപാലിച്ചു വരുന്നു.. മാലിന്യം ലോഡ് കൊണ്ട് പോകുന്നതിന്റെ വിവരണപ്പട്ടിക 07.02..23 മുതൽ പരിപാലിച്ചു വരുന്നു. കൂടാതെ ശമ്പള രജിസ്റ്റർ, റിവ്യൂമീറ്റിംഗ് രജിസ്റ്റർ, ഹാജർ പുസ്തകം, ദിവസ വരവു രജിസ്റ്റർ എന്നിവയും ഹരിത കർമസേന പരിപാലിച്ചു വരുന്നു.

6. നിലവിൽ 9പേർ മാത്രമാണ് ഹരിതകർമസേനയിൽ അംഗങ്ങളായിട്ടുള്ളത്. പഞ്ചായത്തിൽ 2കൺസോർഷ്യങ്ങൾ രൂപീകരിച്ചിരുന്നു. എന്നാൽ ഒരു കൺസോർഷ്യം മാത്രമാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഹരിത കർമ്മസേന പ്രവർത്തന മാർഗ്ഗരേഖ 2.4 പ്രകാരം ഓരോ മാസത്തിലും എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ ചേരുന്നുണ്ട്.

7. കൺസോർഷ്യത്തിന്റെ ഇടക്കാല ഓഡിറ്റും വാർഷിക ഓഡിറ്റും കാസ് മുഖേന നടത്തേണ്ടതാണെന്ന് കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23-04-18 -ലെ 10394-D-2017/KSHOനമ്പർ ഉത്തരവിൽ വ്യക്തമാക്കിയതാണെങ്കിലും ഇപ്രകാരം ഓഡിറ്റ് നടത്തിയിട്ടില്ല.

8. ട്രോളികൾ, ബക്കറ്റ്സ്, സെഗ്രിഗേഷൻ ടേബിൾ, പുതിയ യൂണിഫോം, റെയിൻ കോട്ട്, ബാക് ബാഗ് എന്നീ സൗകര്യങ്ങൾ ലഭ്യമല്ല.

9. നിലവിൽ പ്രവർത്തിക്കുന്ന എം.സി.എഫ്. കെട്ടിടത്തിലേക്കുള്ള സ്റ്റെപ്പ്, വരാന്ത എന്നിവയുടെ ടൈൽസ് പാകിയ ഭാഗത്തേക്ക് മഴവെള്ളം വീഴുന്നതിനാൽ ആ ഭാഗത്ത് വഴുക്കൽ കാരണം അപകടാവസ്ഥ ഉണ്ടാകുന്നെന്നും കെട്ടിടത്തിലെ ഷട്ടറുകളിൻമേൽക്കും മഴവെള്ളം വീഴുന്നതായും ഹരിത കർമ്മ സേനാംഗങ്ങൾ അഭിപ്രായപ്പെട്ടു.

മാലിന്യ നിർമ്മാർജ്ജനം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും മാലിന്യത്തിൽ നിന്നും വരുമാനം ഉണ്ടാകുന്നതിനുതകുന്ന തലത്തിലേക്ക് അവരുടെ പ്രവർത്തനമേഖല വ്യാപിപ്പിക്കുന്നതിനും ആവശ്യമായ ഭൗതികസൗകര്യങ്ങൾ ഒരുക്കുന്നതിനായുള്ള നടപടികൾ എത്രയും പെട്ടന്ന് പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 ലൈഫ് മിഷൻ ഭവന നിർമ്മാണം- ഭൂമി വാങ്ങൽ-ആധാര വിലയേക്കാൾ 25000/- രൂപ അധികം അനുവദിച്ചു.

പ്രോജക്ട് നമ്പർ 134/23- ലൈഫ് മിഷൻ ഭവന നിർമ്മാണം- ഭൂമി വാങ്ങൽ

നിർവഹണോദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ-17,00000/-(വകസന ഫണ്ട്-700000/-,തനത് ഫണ്ട്-100000/-)ബ്ലോക്ക് പഞ്ചായത്ത്-400000/-, ജില്ലാ പഞ്ചായത്ത്-500000/-)

ചെലവ് -7,25,000/- (വകസന ഫണ്ട്-700000/-,തനത് ഫണ്ട്-25000/-)

ബിൽ നമ്പർ -1) 221505520377007325 67/04.11.2022 ₹1,00000/-

2) 2215055203770105 1528/17.01.2023 ₹2,00000/-

3) 221505520377011 63835/09.02.2023 ₹2,00000/-

4) 2215055203770151 1835/28.03.2023 ₹2,00000/-

വൗച്ചർ നമ്പർ 1) 22200833/31.03.2023 ₹25000/-

28.05.2022 ലെ 115/2022 ത.സ്വ.ഭ.വ. സബ്സിഡ മാർഗ്ഗരേഖ ഖണ്ഡിക 6.7.2 പ്രകാരം ഭൂരഹിത ഭവനരഹിതർക്ക് ഭൂമി പ്രകാരം ഗ്രാമ പഞ്ചായത്തിൽ പട്ടിക ജാതി വിഭാഗത്തിന് ലൈഫ് ഭവന പദ്ധതിയിലെ വ്യവസ്ഥകൾ പാലിച്ച് ഏറ്റവും കുറഞ്ഞത് 3 സെന്റ് ഭൂമിക്ക് 2.25 ലക്ഷം രൂപയോ , ആധാര പ്രകാരമുള്ള യഥാർത്ഥ തുകയോ ഏതാണോ കുറവ് ആ തുക മാത്രമേ അനുവദിക്കാൻ പാടുള്ളു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് നിർവ്വഹണം നടത്തിയപ്പോൾ മേൽ വ്യവസ്ഥ പാലിക്കാതെയാണ് ചുവടെ കൊടുത്തിരിക്കുന്ന ഗുണഭോക്താവിന് തുക അനുവദിച്ചിട്ടുള്ളത്.

| ഗുണഭോക്താവിന്റെ പേര്, വിലാസം | വിഭാഗം | ഭൂമി വിറ്റ വ്യക്തിയുടെ വിശദാംങ്ങൾ | ഭൂമിയുടെ വിശദാംശങ്ങൾ/ആധാരത്തിലെ വില (കൽപകഞ്ചേരി സബ് രജിസ്ട്രാർ ഓഫീസിലെ 16.02.2023 ലെ 603/2023 നമ്പർ ആധാരം പ്രകാരം) | സബ്സിഡിയായി അനുവദിച്ച തുക | അർഹമായ സബ്സിഡി തുക |
|---|---|---|---|---|---|
| ശ്രീ. | പട്ടിക | ശ്രീ.ഹംസ , | കൽപകഞ്ചേരി വില്ലേജിലെ | (ബിൽ നം. | 200000/- |

| | | | | | |
|---|---|---|---|---|---|
| ബൈജു.പാറക്കാട്ട് കുന്നമ്മൽ, കൽപകഞ്ചേരി | ജാതി | പറക്കുണ്ടിൽ, കൽപകഞ്ചേരി | സർവ്വേ സബ് ഡിവഷൻ നമ്പർ 385/1-3 ലെ 33.2 ച.മീ. ന് 40,000 രൂപയും ,385/1-2 ലെ 1 ആർ 28.7 ച.മീ. ന് 160000/- രൂപയും ആകെ. 200000/- രൂപ | 22150552037701511835/ 28.03.2023 ₹2,00,000/-, വൗച്ചർ നം.22200833/ 31.03.2023 ₹25,000/- | (ആധാരത്തിലെ തുക) |

4.11.2022 ൽ ശ്രീ. ബൈജു ഹാജരാക്കിയ കരാർ പത്രത്തിൽ ആധാരവും കരാറും ഹാജരാക്കുന്ന മുറയ്ക്ക് ഏറ്റവും കുറഞ്ഞത് 3 സെന്റ് ഭൂമിക്ക് 2/2.25 ലക്ഷം രൂപയോ , ആധാര വിലയോ ഏതാണ് കുറവ് ആയത് മാത്രം ഭൂമി എഴുതി നൽകിയ ആളിന്റെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആധാരത്തിൽ 200000/- രൂപ ഭൂ വിലയായി കാണിച്ചിരിക്കേ ടി വ്യവസ്ഥ പാലിക്കാതെയാണ് മേൽ ബിൽ/വൗച്ചർ പ്രകാരം ശ്രീ.ഹംസ, പാറകുണ്ടിൽ എന്ന വക്തിക്ക് 2,25,000/- രൂപ 0836108000411 എന്ന കനറാ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുള്ളത്.

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/18.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയ്ക്കും ലൈഫി ലെ വ്യവസ്ഥകും വിരുദ്ധമായി അധികമായി അനുവദിച്ച 25000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച 25000/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടികൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ലൈഫ് മിഷൻ ഭവന നിർമ്മാണം- ഭൂമി വാങ്ങൽ-ആധാര വിലയേക്കാൾ 25000/- രൂപ അധികം അനുവദിച്ചു.

പ്രോജക്ട് നമ്പർ 134/23- ലൈഫ് മിഷൻ ഭവന നിർമ്മാണം- ഭൂമി വാങ്ങൽ

നിർവഹണോദ്യോഗസ്ഥൻ – വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ-17,00000/-(വകസന ഫണ്ട്-700000/-,തനത് ഫണ്ട്-100000/-)ബ്ലോക്ക് പഞ്ചായത്ത്-400000/-, ജില്ലാ പഞ്ചായത്ത്-500000/-)

ചെലവ് -7,25,000/- (വകസന ഫണ്ട്-700000/-,തനത് ഫണ്ട്-25000/-)

ബിൽ നമ്പർ -1) 22150552037700732567/04.11.2022 ₹1,00000/-

2) 22150552037701051528/17.01.2023 ₹2,00000/-

3) 22150552037701163835/09.02.2023 ₹2,00000/-

4) 22150552037701511835/28.03.2023 ₹2,00000/-

വൗച്ചർ നമ്പർ 1) 22200833/31.03.2023 ₹25000/-

28.05.2022 ലെ 115/2022 ത.സ്വ.ഭ.വ. സബ്സിഡ മാർഗ്ഗരേഖ ഖണ്ഡിക 6.7.2 പ്രകാരം ഭൂരഹിത ഭവനരഹിതർക്ക് ഭൂമി പ്രകാരം ഗ്രാമ പഞ്ചായത്തിൽ പട്ടിക ജാതി വിഭാഗത്തിന് ലൈഫ് ഭവന പദ്ധതിയിലെ വ്യവസ്ഥകൾ പാലിച്ച് ഏറ്റവും കുറഞ്ഞത് 3 സെന്റ് ഭൂമിക്ക് 2.25 ലക്ഷം രൂപയോ , ആധാര പ്രകാരമുള്ള യഥാർത്ഥ തുകയോ ഏതാണോ കുറവ് ആ തുക മാത്രമേ അനുവദിക്കാൻ പാടുള്ളു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പ്രോജക്ട് നിർവ്വഹണം നടത്തിയപ്പോൾ മേൽ വ്യവസ്ഥപാലിക്കാതെയാണ് ചുവടെ കൊടുക്കുന്ന ഗുണഭോക്താവിന് തുക അനുവദിച്ചിട്ടുള്ളത്.

| ഗുണഭോക്താവിന്റെ പേര്, വിലാസം | വിഭാഗം | ഭൂമി വിറ്റ വ്യക്തിയുടെ വിശദാംങ്ങൾ | ഭൂമിയുടെ വിശദാംശങ്ങൾ/ആധാരത്തിലെ വില (കൽപകഞ്ചേരി സബ് | സബ്സിഡിയായി അനുവദിച്ച തുക | അർഹമായ സബ്സിഡി തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | രജിസ്ട്രാർ ഓഫീസിലെ 16.02.2023 ലെ 603/2023 നമ്പർ ആധാരം പ്രകാരം) | | |
| ശ്രീ. ബൈജു.പാറക്കാട്ട് കുന്നമ്മൽ, കൽപകഞ്ചേരി | പട്ടിക ജാതി | ശ്രീ.ഹംസ , പറക്കുണ്ടിൽ, കൽപകഞ്ചേരി | കൽപകഞ്ചേരി വില്ലേജിലെ സർവ്വേ സബ് ഡിവഷൻ നമ്പർ 385/1-3 ലെ 33.2 ച.മീ. ന് 40,000 രൂപയും ,385/1-2 ലെ 1 ആർ 28.7 ച.മീ. ന് 160000/- രൂപയും ആകെ. 200000/- രൂപ | (ബിൽ നം. 2215055203770151835/ 28.3.2023 ₹200000/-, വൗച്ചർ നം.22200833/ 31.3.2023 ₹25000) | 200000/- (ആധാരത്തിലെ തുക) |

4.11.2022 ൽ ശ്രീ. ബൈജു ഹാജരാക്കിയ കരാർ പത്രത്തിൽ ആധാരവും കരാറും ഹാജരാക്കുന്ന മുറയ്ക്ക് ഏറ്റവും കുറഞ്ഞത് 3 സെന്റ് ഭൂമിക്ക് 2/2.25 ലക്ഷം രൂപയോ , ആധാര വിലയോ ഏതാണ് കുറവ് ആയത് മാത്രം ഭൂമി എഴുതി നൽകിയ ആളിന്റെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആധാരത്തിൽ 200000/- രൂപ ഭൂ വിലയായി കാണിച്ചിരിക്കേ ടി വ്യവസ്ഥ പാലിക്കാതെയാണ് മേൽ ബിൽ/വൗച്ചർ പ്രകാരം ശ്രീ.ഹംസ, പാറകുണ്ടിൽ എന്ന വക്തിക്ക് 2,25,000/- രൂപ 0836108000411 എന്ന കനറാ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിച്ചിട്ടുള്ളത്.

മേൽ അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (19/18.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയ്ക്കും ലൈഫി ലെ വ്യവസ്ഥകും വിരുദ്ധമായി അധികമായി അനുവദിച്ച 25000/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. അധികം ചെലവഴിച്ച 25000/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 പഞ്ചായത്ത് ഓഫീസിന്റെ ചുറ്റുമതിൽ ബലപ്പെടുത്തൽ - തെറ്റായ നിരക്ക് അനുവദിച്ച് കരാറുകാരന് അധിക തുക നൽകി - നഷ്ടം 4282 രൂപ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവ്യത്തിയിൽ സോളിഡ് ബ്ലോക്ക് (40x20x15 Cm) ഉപയോഗിച്ച് പഞ്ചായത്ത് ഓഫീസിന്റെ ചുറ്റുമതിൽ പടവ് (1.12 മീറ്റർ ഉയരം) ചെയ്യതിന് അംഗീകൃത ഒബ്സർവ്ഡ് ഡാറ്റ 50.6.1.9 പ്രകാരമുള്ള നിരക്കാണ് നൽകിയത്. എന്നാൽ ഒബ്സർവ്ഡ് ഡാറ്റ 50.6.1.9 പ്രകാരമുള്ള നിരക്ക് അനുവദനീയമായിട്ടുള്ളത് കെട്ടിടങ്ങളുടെ രണ്ടാം നില മുതൽ നാലാം നില വരെയുള്ള പ്രവ്യത്തികൾക്കാണ്. പരാമർശ പ്രവ്യത്തിക്ക് അനുവദിക്കാവുന്നത് 50.6.1.7 (ഫൗണ്ടേഷൻ, ബെയ്സ്മെന്റ് പ്രവ്യത്തികൾ) പ്രകാരമുള്ള നിരക്കാണ് . കരാറുകാരന് അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവ്യത്തി | ഇനം/ അളവ് | നൽകിയ തുക | നൽകാവുന്ന തുക | അധികം |
|---|---|---|---|---|
| പഞ്ചായത്ത് ഓഫീസിന്റെ ചുറ്റുമതിൽ ബലപ്പെടുത്തൽ (SO203/23) ഫണ്ട് - തനത് ഫണ്ട് കരാർ -74/AE/ 29.3.2022 TS No. - 81830/21-22 – 2,00,000 Esti.No. – 2022/7234 കരാറുകാരൻ - ശ്രീ. മുഹമ്മദ് | സോളിഡ് ബ്ലോക്ക് മേസനറി (ഇനം 4) 6.426 $M^3$ | 51365.85 @7993.44/$m^3$ X 6.59$m^3$ | 47538.07 @7397.77x6.59/$m^3$ | 4282 (3827.78-5.2%Tender Below+18%GST) |

| | | | | | |
|---|---|---|---|---|---|
| | നിയാസ്.കെ<br>വൗച്ചർ - 22200816/17.3.23 - 188251<br>മൂല്യനിർണ്ണയം - 188251<br>അളവ് പുസ്തകം - 99/21-22<br>Cost Index – 36.44% (2018 DSoR) | | | | |

അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/15.9.23) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്നും അംഗീകാരം നൽകിയ അസി.എക്സി.എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷിക ധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പദ്ധതി നം, പേര് | ലഭിച്ച തുക (₹) | ചെലവഴിച്ച തുക (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 136/2023 - ലൈഫ് മിഷൻ ഭവന പദ്ധതി | 1000000 | 1000000 | 0 |
| | 38/2023 - ഭിന്നശേഷി വിദ്യാർഥികൾ - സ്കോളർഷിപ് തുക നൽകൽ | 569000 | 569000 | 0 |
| | ആകെ | 1569000 | 1569000 | 0 |
| ജില്ലാ പഞ്ചായത്ത് | 136/2023 - ലൈഫ് മിഷൻ ഭവന പദ്ധതി | 220000 | 220000 | 0 |
| | 38/2023 - ഭിന്നശേഷി വിദ്യാർഥികൾ - സ്കോളർഷിപ് തുക നൽകൽ | 200000 | 200000 | |
| | ആകെ | 420000 | 420000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന ഏജൻസിയ്ക്ക് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | പ്രോജക്ട് നമ്പർ-47/23 ഗതാഗതത്തിന് തടസ്സം നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റൽ | 22200332/12.09.2022 ₹35284/-<br>22200374/27.09.2022 ₹20560<br>22200375/27.09.2022 ₹42857<br>22200644/31.01.2023 ₹ 16725 | (തനത് ഫണ്ട്)115426 | 0 | പൂർത്തീകരിച്ചിട്ടില്ല | 115426 |
| | പ്രോജക്ട് നമ്പർ-230/23 സ്ട്രീറ്റ് മെയിൽ വലിക്കൽ | 22150552005501424634/21.03.2023 ₹599912/-<br>22150552005501424644/21.03.2023 ₹239540/- | 839452 (വികസന ഫണ്ട് പൊതു വിഭാഗം) | 0 | പൂർത്തീകരിച്ചിട്ടില്ല | 839452 |
| | പ്രോജക്ട് നമ്പർ-236/23 തേക്കിലക്കാട് 131 നമ്പർ അങ്കണവാടിയിലേക്ക് ഇലക്ട്രിക് കണക്ഷൻ ലഭ്യമാക്കൽ | 22200720/28.02.2023 | 8990 (തനത് ഫണ്ട്) | 0 | പൂർത്തീകരിച്ചിട്ടില്ല | 8990 |
| | പ്രോജക്ട് നമ്പർ-157/23 ഹോമിയോ ഡിസ്പൻസറിയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ | 22200486/16.11.2022 | 12980 (തനത് ഫണ്ട്) | 0 | പൂർത്തീകരിച്ചിട്ടില്ല | 12980 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം (₹) | 5963185 |
| തൻവർഷം നിക്ഷേപിച്ച തുക (₹) | 378525 |
| ആകെ (₹) | 6341710 |
| തന്നാണ്ടിൽ പിൻവലിച്ച തുക (₹) | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം (₹) | 6341710 |

2022-23 വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷപത്തിന്റെ വിവരം | തുക (₹) | രശീതി നമ്പർ/തീയതി |
|---|---|---|
| തിരൂർ സബ് ട്രഷറി - Cyclone Shelter Management And Maintenance Fund | 6341710 | 2829/25.11.2022<br>2830/25.11.2022<br>2831/25.11.2022<br>2832/25.11.2022<br>2833/25.11.2022 |
| ആകെ | 6341710 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിററ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിററ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളിൽ തീർപ്പാക്കാനവശേഷിക്കുന്നവയുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1999-2000 | 33 | 2003-04 | 40(2) | മരം ലേലം 18294/- രൂപ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് നമ്പരും തീയതിയും | സർചാർജ് സർട്ടിഫിക്കറ്റ് തുക | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|
| 1 | 2008-09 To 2010-11 | 3-7, 3-10 | സുനിൽ കുമാർ (എ.ഇ) | LF 13171/Sp.Cell /CSC/D1/15 Dt.07.07.15 | 25303 | | | | പാര 3-7, 13717 എന്ന് കാണുന്നു 3-10, 11586 എന്ന് കാണുന്നു |
| 2 | 2008-09 To 2010-11 | 3-6 | ഷെരീഫ് ഉമ്മണിയിൽ(സെക്രട്ടറി) | LF 13171/Sp.Cell /CSC/D1/15 Dt.15.12.12 | 59489 | | | | |
| 3 | 1998-99 | 50, 55 56 | ഇ.പി ഉണ്ണികൃഷ്ണൻ (സെക്രട്ടറി) | LF 6605/Sp.Cell /SC5/05 /5.1.08 | 61427 | | | | WP(C) 6586/08 Disposed |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹) | 187599793 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹) | 153122094 |
| വരവിനങ്ങളിലെ നഷ്ടം (₹) | 0 |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹) | 29282 |

| | |
|---|---|
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക (₹) | 2176848 |

ബി). പഞ്ചായത്ത് ഫണ്ടിനു ണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 3-1 | - | 25000 | ശ്രീ.ദേവരാജൻ പി ,വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 3-2 | | 4282 | ശ്രീ. സജിൻ കെ ,അസി.എഞ്ചിനീയറിൽ,<br>ശ്രീ. മനോജ് കുമാർ എം.എസ്, അസി.എക്സി.എഞ്ചിനീയറിൽ |
| ആകെ | | 29282 | |

സി). ഓഡിറ്റിൽ തടസപ്പെടുത്തിയ തുക.

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 976848 | സെക്രട്ടറി-ഇൻ-ചാർജ്ജ് , ശ്രീ. അരുൺ നാരായണൻ- 98701<br>സെക്രട്ടറി, ശ്രീമതി. വനജ പി.കെ-878147 |
| 1-17 | 12,00,000 | സെക്രട്ടറി-ഇൻ-ചാർജ്ജ് , ശ്രീ. അരുൺ നാരായണൻ |
| ആകെ | 2176848 | |

ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ദേവരാജൻ പി , വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കൽപ്പകഞ്ചേരി ഗ്രാമ പഞ്ചായത്ത് (അവധിയിൽ) | അയ്യോടിയിൽ പുൽപ്പറ്റ പി.ഒ , മഞ്ചേരി മലപ്പുറം- 676123 |
| ശ്രീ. സജിൻ കെ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കൽപ്പകഞ്ചേരി ഗ്രാമ പഞ്ചായത്ത് | കളരിക്കൽ ഉള്ളണം പി.ഒ പരപ്പനങ്ങാടി മലപ്പുറം- 676303 |
| ശ്രീ. മനോജ് കുമാർ എം.എസ്, അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | അശ്വതി ടി.സി 6/1544(6) അയിത്താടി റോഡ് , പ്രശാന്ത് നഗർ, ഉള്ളൂർ തിരുവനന്തപുരം- 695011 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1989-90 To 1990-91 | എൽ.എഫ്.എം.5/971/97, തീ. 10-10-10 | 8 |
| 1996-97 | -ടി- | 3 |
| 1998-99 | -ടി- | 9 |
| 1999-00 | -ടി- | 10 |
| 2000-01 | -ടി- | 1 |
| 2001-02 | -ടി- | 4 |
| 2002-03 | എൽഎഫ്.എം.11/1008/2009, തീ. 15-03-10 | 13 |
| 2003-04 | എൽഎഫ്.എം.11/1943/2008 , തീ. 20.04.2009 | 12 |
| 2004-05 | എൽഎഫ്.എം.11/1944/2008 , തീ.20.04.2009/20-10-2009 | 16 |

| | | |
|---|---|---|
| 2005-06 | എൽഎഫ്.എം.15/783/10 , തീ. 21-05-2012 | 6 |
| 2006-07 | എൽഎഫ്.എം.15/784/10 , തീ. 21-05-12 | 11 |
| 2007-08 | എൽ.എഫ്.എം.15/1407/10, തീ. 21-2-12 | 14 |
| 2008-09 To 2010-11 | കെ.എസ്.എ.എം.പി.എം.10/2946/18 തീ. 05-03-2018 | 18 |
| 2011-12 To 2012-13 | കെ.എസ്.എ.എം.പി.എം.10/1361/2019(1),തീ. 12-11-20 | 19 |
| 2013-14 To2014-15 | കെ.എസ്.എ.എം.പി.എം.10/1361/2023 തീ. 10-07-2023 | 21 |
| 2015-16 | നം.കെ.എസ്.എ.എം.പി.എം15/1732/2023 തി.07.08.2023 | 14 |
| 2016-17 | കെ.എസ്.എ എം.പി.എം10/2043/17 തിയതി 28-07-2018 | 09 |
| 2017-18 | കെ.എസ്.എ.എം.പി.എം 10/2632/2018 തി-07.06.2019 | 23 |
| 2018-19 | കെ.എസ്.എ.എം.പി.എം 10/26/2020 തിയതി 24.09.20 | 13 |
| 2019-20 | കെ.എസ്.എ.എം.പി.എം10/1800/2021 തി. 08.06.2022 | 18 |
| 2020-21 | കെ.എസ്.എ.എം.പി.എം10/1801/2021 തിയതി 20.06.2022 | 16 |
| 2021-22 | കെ.എസ്.എ.എം.പി.എം10/2396/2022 തിയതി 17.04.23 | 11 |

ഡെപ്യൂട്ടി ഡയറക്ടർ

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 27-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Kalpakancheri Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kalpakancheri Grama Panchayat for the year 2022-2023

Date: 02/11/2023

Deputy Director
District Office Malappuram
Kerala State Audit Department

## Audit Report appended to the Audit Certificate of Kalpakancheri Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1. All mandatory financial statements prescribed in accounting rules are not submitted for audit.
2. Net increase in cash and cash equivalance does not match with differene in opening balance and closing balance of cash and cash equivalance in cash flow statement.
3. Fixed assets depreciation- Calculation sheet not append with AFS
4. MGNREGS Admin expendeture- does not match with register.
5. Asset register not maintained as reliable for audit.
6. Advance register not maintained.
7. Liable for MGNREGS (B4 Schedule) does not match with bank account balance.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കൽപ്പകഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്